RURAL INFORMATION BUREAU

# ഗ്രാമഭൂമി

2019 മെയ്-ജൂൺ
പുസ്തകം 42 ലക്കം 03
ദ്വൈമാസിക



## പുനർനിർമാണത്തിലൂടെ നവകേരളത്തിലേക്ക്

നേട്ടങ്ങളിൽ ചുവടുറപ്പിച്ച്
4ാം വർഷത്തിലേക്ക്


സുരക്ഷിതമായ പാർപ്പിട സൗകര്യവും സാമ്പത്തിക
സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളും
ഉറപ്പുവരുത്തുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി.
അത്യാധുനിക രീതിയിൽ പാർപ്പിട സമുച്ചയങ്ങൾ
ജലസമൃദ്ധി
ശുചിത്വ - മാലിന്യ സംസ്കരണ കർമ്മപരിപാടി
സുജലം സുഫലം
ലൈഫ്
ഹരിതകേരളം
3
വാഗ്ദാനങ്ങൾ നിറവേറ്റി
നവകേരളത്തിലേക്ക്
പൊതുവിദ്യാഭ്യാസ
സംരക്ഷണയജ്ഞം
ആർദ്രം
മാറുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന് വേണ്ട ഭൗതികവും
മാനസികവും സാംസ്കാരികവുമായ സൗകര്യങ്ങൾ ഒരുക്കി
പൂർണ്ണമായും കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനരീതി.
ആധുനികവും സംയോജിതവുമായ
ചികിത്സാകേന്ദ്രങ്ങൾ.
രോഗിയുടെ ആവശ്യങ്ങളറിഞ്ഞ്
പരിചരണവും തുടർചികിത്സയും

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

# ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2019 മേയ്-ജൂൺ
പുസ്തകം 42
ലക്കം 3

## എഡിറ്റോറിയൽ



# അഭിമാനാർഹമായ മൂന്നു വർഷങ്ങൾ

**ഈ** സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്നു വർഷങ്ങൾ തികച്ചിരിക്കുന്നു. അഭിമാനാർഹമായ മൂന്നു വർഷങ്ങൾ...

വികസന പ്രക്രിയയുടെ നടത്തിപ്പിന്റെ കാര്യത്തിൽ ഏറെ മികവാണ് കേരളത്തിലെ ജനത കണ്ടത്. ചുരുങ്ങിയ കാലയളവിനുള്ളിൽ ഒട്ടേറെ കാര്യങ്ങൾ ജനങ്ങൾക്കായി ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും ഭവനനിർമാണരംഗത്തും ഒക്കെ ആർക്കും നിഷേധിക്കാനാവാത്ത ചുവടുവയ്പുകളാണ് ഈ സർക്കാർ നടത്തിയത്. നിപ്പ പോലുള്ള അതിമാരകമായ വൈറസിനെ നിയന്ത്രണവിധേയമാക്കാൻ ഊണും ഉറക്കവും ഉപേക്ഷിച്ചുള്ള ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ പ്രവർത്തനങ്ങൾ കേരളജനത ഒന്നടങ്കം മനസ്സിലേറ്റുവാങ്ങിയിരിക്കുന്നു. അതുപോലെ തന്നെ വിദ്യാഭ്യാസരംഗത്തെ നേട്ടങ്ങളുടെ വലിയ പ്രതിഫലനമാണ് ഈ വർഷത്തെ സർക്കാർ സ്കൂൾ പ്രവേശനത്തിലുണ്ടായ വിദ്യാർത്ഥികളുടെ അഭൂതപൂർവമായ വർധനവ്. ലൈഫ് പദ്ധതിയുടെ കാര്യത്തിലാകട്ടെ അനേകായിരങ്ങൾക്ക് സ്വന്തമായൊരു കിടപ്പാടം സാധ്യമാക്കിക്കൊടുത്തു. വരട്ടാർ നദിയുടെ പുനരുജ്ജീവനം, 4625 കിണറുകളുടെ നവീകരണം, 8675കുളങ്ങളുടെ നിർമാണം എന്നിങ്ങനെ ജലസംരക്ഷണത്തിന്റെ കാര്യത്തിലും കേരളം മുൻകാലങ്ങളെക്കാൾ പുരോഗതി കൈവരിച്ചു. വ്യാപാരശാലകളിലെ വനിതകൾക്ക് ഇരുന്നു ജോലി ചെയ്യാൻ ഇരിപ്പിടം നിഷ്കർഷിച്ചതുൾപ്പെടെ ചെറുതും വലുതുമായ ഒട്ടനവധി കാര്യങ്ങൾ വേറെയും ഇക്കാലയളവിനുള്ളിൽ ചെയ്യാൻ കഴിഞ്ഞു എന്നത് അഭിമാനിക്കാൻ വകയുള്ളതു തന്നെയാണ്.

തുടർന്നുള്ള വർഷങ്ങളിലും എടുത്തുപറയത്തക്ക ഒട്ടേറെ നേട്ടങ്ങൾ ഈ ജനകീയ സർക്കാരിന് ചെയ്യാൻ കഴിയും എന്നു പ്രതീക്ഷിക്കാം.

**ഉപദേശക സമിതി ചെയർമാൻ:** എൻ. പത്മകുമാർ ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
**അംഗങ്ങൾ** വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1 , എൽ.പി. ചിത്തർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ II
● കെ. ചന്ദ്രശേഖരൻ നായർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY ● അബ്ദുൾ സലിം ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
● കെ.എം. രാമകൃഷ്ണൻ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി ● ഷാജി ക്ലെമന്റ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
● ദിവ്യ, ഡെപ്യൂട്ടി ഡയറക്ടർ (P&M) ● സബീഹ പി.എം, ഫിനാൻസ് ഓഫീസർ ● എ. അജിത്ദാസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ **അജിതാദാസ്,** ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
അസിസ്റ്റന്റ് എഡിറ്റർ **സി. പ്രശാന്ത്** അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ **റ്റി. സനൽകുമാർ,** മാനേജർ കവർ & ലേ-ഔട്ട് **രതീഷ് കുമാർ** rash8590070404@gmail.com

ഓഫീസ് **റൂറൽ ഇൻഫർമേഷൻ ബ്യൂറോ,** ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

## കത്തുകൾ



### അംബേദ്കറെ അറിയുമ്പോൾ

ഇന്ത്യൻ ഭരണഘടനാ ശില്പിയായ ഡോ: ഭീം റാവ് അംബേദ്കറിക്കുറെ അടുത്തറിയാൻ സഹായകമായ ലേഖനമായിരുന്നു കഴിഞ്ഞ ലക്കം പ്രസിദ്ധീകരിച്ച 'അംബേദ്കർ എന്ന ഉത്തരം'. ഒരു ദളിത് കുടുംബത്തിൽ ജനിച്ച്, ദയനീയമായ ജീവിത സാഹചര്യങ്ങളെ തരണം ചെയ്ത്, ഭാരതത്തിന്റെ സുപ്രധാന വ്യക്തിത്വങ്ങളിലൊന്നായി മാറിയ ആ ജീവിതം അധ:സ്ഥിത ജനവിഭാഗത്തിന് എന്നും വഴികാട്ടിയാണ്. ലേഖകൻ ഷിജു ഏലിയാസിന് അഭിനന്ദനങ്ങൾ.

**ടി.പി.അജിത്കുമാർ** കിളിമാനൂർ

### സ്ത്രീകളും വെല്ലുവിളികളും

ഒരുപാട് പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെ പറ്റി സത്യസന്ധമായി വിവരിക്കുന്ന ലേഖനമായിരുന്നു ആർ.ഷൈനി എഴുതിയ 'വനിതകൾ നേരിടുന്ന സമകാലിക വെല്ലുവിളികൾ'. സംരക്ഷണം നൽകേണ്ടവരിൽ നിന്നു പോലും കടുത്ത പീഡനങ്ങൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെടുന്ന സ്ത്രീകളുടെ ദുരവസ്ഥ വേദനാജനകമാണ്. ലേഖനം പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്ക് അഭിനന്ദനങ്ങൾ.

**സുലോചന. എസ്** നൂറനാട്

### ഓർമ്മപ്പെടുത്തൽ

വൈക്കം സത്യാഗ്രഹത്തിന്റെ നാൾവഴികളെ കൃത്യമായി അടയാളപ്പെടുത്തിക്കൊണ്ട്, വർത്തമാനകാലത്തിൽ അതിന്റെ പ്രാധാന്യം വിളിച്ചോതുന്ന ലേഖനമായിരുന്നു 'മറവിയിൽ നിന്നുണർത്തട്ടെ വൈക്കം സത്യാഗ്രഹം.' ഇനിയും ഇത്തരം ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**ജയിംസ് വർഗീസ്** ചാത്തന്നൂർ



## കവർസ്റ്റോറി


**6** പുനർനിർമാണത്തിലൂടെ നവകേരളത്തിലേക്ക്
പിണറായി വിജയൻ

**12** കേരളത്തിലെ തദ്ദേശ സ്വയംഭരണം ഇന്നലെ ഇന്ന് നാളെ
എ സി മൊയ്തീൻ






## അനുസ്മരണം


**20** കാലം കാത്ത കൽവിളക്ക്
വിഭു പിരപ്പൻകോട്

**34** അയ്യൻകാളിയുടെ ചരിത്രപ്രസക്തി
രാജേഷ് കെ. എരുമേലി



**'ഗ്രാമഭൂമി' ദ്വൈവാർഷിക വരിസംഖ്യ 24 രൂപ**
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com



*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*



പദ്ധതി

24 വരുന്നുണ്ട് മഴ
കരുതാം കരുതലോടെ
ഡോ. വി. സുഭാഷ് ചന്ദ്രബോസ്

കവിത

33 നീതിവൃക്ഷത്തിലെ പൂവുകൾ
കുഞ്ഞപ്പ പട്ടാന്നൂർ



വികസനം



28 എല്ലാവർക്കും വീടൊരുക്കുവാൻ
പ്രധാന മന്ത്രി ആവാസ് യോജന
(ഗ്രാമീൺ)



30 ഗ്രാമീണ വീഥിയൊരുക്കി
പ്രധാന മന്ത്രി ഗ്രാമ സഡക് യോജന



വിജയഗാഥ

36 കാക്കിയണിയുന്ന കാടിന്റെ മക്കൾ
രമേഷ്കുമാർ വെള്ളമുണ്ട



വികസന ബ്ലോക്കിലൂടെ

37 പട്ടിണിക്കാരില്ലാത്ത പഴയന്നൂർ ബ്ലോക്ക്
എം. പത്മകുമാർ



# പുനർനിർമാണത്തിലൂടെ നവകേരളത്തിലേക്ക്

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നാലാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. അഞ്ചുവർഷം കൊണ്ട് നടപ്പാക്കേണ്ട വാഗ്ദാനങ്ങളിൽ ഭൂരിപക്ഷവും നിറവേറ്റി, പ്രളയാനന്തര പുതു കേരളത്തിന്റെ നിർമ്മാണത്തിനായി നീങ്ങുന്ന വേളയിലാണ് സർക്കാരിന്റെ മൂന്നാം വാർഷികം എത്തുന്നത്. രാജ്യത്തിനുതന്നെ മാതൃകയാകുംവിധമുള്ള ഒട്ടേറെ പദ്ധതികൾ ഇക്കാലയളവിൽ ആവിഷ്ക്കരിക്കാനും നടപ്പിലാക്കാനും കഴിഞ്ഞുവെന്നതിന്റെ ചാരിതാർത്ഥ്യത്തോടെയാണ് ഈ സർക്കാർ നാലാം വർഷത്തിലേക്ക് കടക്കുന്നത്.

കേരളത്തിന്റെ ചരിത്രത്തിൽ ഈ മൂന്നുവർഷങ്ങൾ പലതുകൊണ്ടും ശ്രദ്ധേയമായി. വർഗീയ കലാപങ്ങളില്ലാത്ത, ക്രമസമാധാന പ്രശ്നങ്ങളില്ലാത്ത, പൊലീസ് വെടിവെയ്പ്പു കൊലപാതകങ്ങളില്ലാത്ത, ശാന്തിയുടെ, സഹവർത്തിത്വത്തിന്റെ വർഷങ്ങൾ. പരമ്പരാഗത സങ്കൽപ

ങ്ങൾ വിട്ട് വിഭവസമാഹരണ കാര്യത്തിൽ മൗലികവും പുതുമയുള്ളതുമായ വഴികൾ - കിഫ്ബി പോലുള്ളവയിലൂടെ - തേടുകയും വിജയിക്കുകയും ചെയ്ത വർഷങ്ങൾ.

ക്രമസമാധാനപാലനം, അഴിമതിനിർമാർജനം, ആരോഗ്യ പരിപാലനം തുടങ്ങിയ വിവിധ മണ്ഡലങ്ങളിൽ തുടർച്ചയായ വർഷങ്ങളിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനത്ത് എന്നു വിവിധങ്ങളായ ഏജൻസികളാൽ വിലയിരുത്തപ്പെട്ട വർഷങ്ങൾ. ലോകത്തിന്റെ പല ഭാഗത്തുമുള്ള മലയാളിസമൂഹത്തിന്റെ പണം മാത്രമല്ല, ജീനിയസ് കൂടി കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടി ഉപയുക്തമാക്കാൻ പോരുമാറ് 'ലോക കേരളസഭ'- എന്ന സംവിധാനം നിലവിൽക്കൊണ്ടുവന്ന ഘട്ടം. കേരളത്തിന്റെ വികസനത്തിൽ ഇഷ്ടമുള്ള മേഖലകളിൽ ഭാഗഭാക്കാവാനും തങ്ങളുടെ കൂടി സംഭാവന ഉപയോഗിച്ച് കേരളം വളരുന്നത് നിക്ഷേപത്തുകയ്ക്കുള്ള സർക്കാർ ഗ്യാരന്റിയോടെ നോക്കിക്കാണാനും പ്രവാസി സമൂഹത്തിന് അവസരം നൽകിയ ഘട്ടം. ബജറ്റ് എന്ന പരമ്പരാഗത ചട്ടക്കൂടിനു പുറത്തേക്കു കടന്ന് വിഭവസമാഹരണം നടത്താനും അത് അടിസ്ഥാനവികസന സൗകര്യങ്ങളുടെ വികസനത്തിനായി വിനിയോഗിക്കാനും കഴിയുമെന്നു കണ്ടെത്തുകയും ലക്ഷ്യത്തെ അതിശയിക്കും വിധം അതു വിജയിപ്പിക്കുകയും ചെയ്ത ഘട്ടം.

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ വരെ കേരളത്തിന്റെ പേര് മുഴങ്ങുകയും അതിലൂടെ കേരളത്തിന്റെ വികസനത്തിന്റെ പുതിയ മുഖം വർധിച്ച വിശ്വാസ്യതയോടെ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുകയും ചെയ്ത ഘട്ടം. പകർച്ചവ്യാധി മുതൽ പ്രകൃതിദുരന്തങ്ങളെ വരെ ജനങ്ങളെ വിശ്വാസത്തിലെടുത്തും അവരുടെ പങ്കാളിത്തമുറപ്പിച്ചും ഒറ്റമനസ്സായി നേരിടുകയും അതിലൂടെ ലോകത്തിന്റെയാകെ അംഗീകാരം നേടിയെടുക്കുകയും ചെയ്യാൻ കഴിഞ്ഞ ഘട്ടം. നിപ്പ മുതൽ പ്രളയദുരന്തം വരെയുള്ളവയെ ആത്മവിശ്വാസത്തോടും നിശ്ചയദാർഢ്യത്തോടും കർമോന്മുഖമായി നേരിട്ടത് ഈ ഘട്ടത്തിലാണ്. മുപ്പത്തൊന്നായിരം കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടും മനസ്സു തളരാതെ ആർജവമുള്ള മറികടക്കൽ പദ്ധതികൾ ആവിഷ്കരിച്ച് അവയെ അതിജീവിക്കുക മാത്രമല്ല, മുമ്പത്തേതിനേക്കാൾ മെച്ചപ്പെട്ട കേരളത്തെ സൃഷ്ടിക്കാൻ അർപ്പണബോധത്തോടെയുള്ള കർമപദ്ധതികൾ ആവിഷ്കരിച്ചു മുമ്പോട്ടുപോവുകയും ചെയ്തത് ഈ ഘട്ടത്തിലാണ്. പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വീണ്ടെടുത്ത് സമൂഹത്തിന് അവയെ സ്വീകാര്യമാക്കി. തകർച്ചയിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ചും നവീകരിച്ചും ലാഭത്തിലാക്കി.

> **എൽ.ഡി.എഫിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ അവതരിപ്പിച്ച 35 ഇന പരിപാടികളെല്ലാം തന്നെ ഇതിനകം പൂർത്തീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വികസനപദ്ധതികൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി.**

നിയമപരിപാലനത്തിനും നീതിവാഴ്ചയ്ക്കും മേലെയല്ല പണവും അധികാരവും സ്വാധീനങ്ങളും എന്നു ബോധ്യപ്പെടുത്തിക്കൊണ്ട്, നിയമം അറച്ചുനിൽക്കുമെന്നു പലരും കരുതിയ ഘട്ടത്തിൽ മുഖം നോക്കാത്ത നടപടികളുണ്ടായത് ഈ ഘട്ടത്തിലാണ്. തെളിയാക്കേസുകൾ പലതും തെളിയിച്ചത് ഈ ഘട്ടത്തിലാണ്. സൈബർ തട്ടിപ്പ് കേസ് പ്രതികളെ ആഫ്രിക്കൻ നാടുകളിലടക്കം ചെന്ന് അറസ്റ്റ് ചെയ്തു കൊണ്ടുവന്ന് ചരിത്രം സൃഷ്ടിച്ചതും ഈ ഘട്ടത്തിലാണ്.

'ഹരിതകേരള'ത്തിലൂടെ കേരളം സ്വച്ഛശുദ്ധവും പച്ചക്കറി ഉൽപാദനത്തിൽ ഊർജസ്വലവുമാവുന്നതു നാം കണ്ടു. 'ആർദ്ര'ത്തിലൂടെ ഔഷധവും ചികിത്സയും ഏതു പാവപ്പെട്ടവന്റെയും കൈയെത്തുന്നിടത്താവുന്നതു കണ്ടു. 'ലൈഫ്' പദ്ധതിയിലൂടെ ഭവനരഹിതർ ഭവന ഉടമകളാവുന്നതു കണ്ടു. 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ'-ത്തിലൂടെ ലക്ഷക്കണക്കിനു പുതിയ കുട്ടികൾ വീണ്ടും സർക്കാർ സ്കൂളുകളിൽ പ്രതീക്ഷയർപ്പിച്ചെത്തുന്നതു കണ്ടു.

മാറ്റങ്ങൾ സർവതലസ്പർശിയായി. അഭിമാനിക്കാൻ പോരുന്നതായി. കേരള പുനർനിർമാണത്തിലേക്കും സമഗ്രവികസനത്തിലേക്കും ആധുനികവൽക്കരണത്തിലേക്കും നാം കടക്കുകയായി. കേരളമെന്ന പേർ കേട്ടാൽ അന്തരംഗം അഭിമാനപൂരിതമാകുന്ന അവസ്ഥയിലേക്കു നാം മാറുകയായി. ജാതീയവും വർഗീയവുമായ വേർതിരുവുകൾക്കതീതമായി മനുഷ്യമനസ്സുകൾ നവോത്ഥാനമൂല്യങ്ങൾക്കൊത്തുകൊണ്ട് ഇവിടെ ഒരുമിക്കുകയായി. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അന്ധകാരത്തെ വകഞ്ഞുമാറ്റി കേരളം നവോത്ഥാനത്തിന്റെ വെളിച്ചം നിറഞ്ഞ പാതയിലൂടെ മൂന്നാം സഹസ്രാബ്ദഘട്ടത്തിന്റെ വികസനവേഗപാതയിലൂടെ മുന്നേറുകയായി. ഏതു മലയാളിക്കും അഭിമാനിക്കാവുന്ന അന്തരീക്ഷം രൂപപ്പെട്ടുവരികയായി.

ജനങ്ങളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ മുന്തിയ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. സർക്കാരിന്റെ ഏതെങ്കിലുംവിധമുള്ള ആനുകൂല്യങ്ങൾ ഇക്കാലയളവിൽ സംസ്ഥാനത്തെ ഓരോ വീട്ടിലും എത്തിക്കാനായിട്ടുണ്ട്. ഉയർന്ന നിരക്കിലുള്ള ക്ഷേമപെൻഷനുകൾ മുടക്കം കൂടാതെ നൽകിയും ഭൂമിയില്ലാത്തവർക്ക് പട്ടയം നൽകിയും ദളിത് പിന്നോക്കാദി ജനവിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തിയും മുഴുവൻ ജനങ്ങൾക്കും നീതിയും ക്ഷേമവും ഉറപ്പാക്കാൻ ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. അതോടൊപ്പം പരിസ്ഥിതിയ്ക്ക് കോട്ടംതട്ടാത്ത വിധം നാടിന്റെ വികസനം സാധ്യമാക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചു.

എൽ.ഡി.എഫിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ അവതരിപ്പിച്ച 35 ഇന പരിപാടികളെല്ലാം തന്നെ

ഇതിനകം പൂർത്തീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വികസന പദ്ധതികൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിൽ പ്രത്യേകം ശ്രദ്ധചെലുത്തി. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, മലയോര പാത, തീരദേശ പാത, ഗെയിൽ പൈപ്പ് ലൈൻ, എൽ.എൻ.ജി. ടെർമിനൽ, വാട്ടർ മെട്രോ, നാഷണൽ വാട്ടർ വേ, വിഴിഞ്ഞം തുറമുഖം തുടങ്ങിയവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ദേശീയപാതാ



വികസനം പോലെ ഏത് സർക്കാരിനും അസാധ്യമായത് എന്ന് പലരും എഴുതിത്തള്ളിയ പദ്ധതികൾക്കും ജീവൻ വയ്പ്പിക്കാൻ ഇക്കാലയളവിൽ സാധിച്ചു.

അഴിമതിരഹിത - മതനിരപേക്ഷ - വികസിത കേരളം എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ കേരളത്തിൽ യാഥാർത്ഥ്യമാവുകയാണ്. അതിനുള്ള തെളിവാണ് രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി ബാംഗ്ലൂർ ആസ്ഥാനമായ പബ്ലിക് അഫയേഴ്സ് സെന്റർ കേരളത്തെ തെരഞ്ഞെടുത്തു എന്നത്. തുടർച്ചയായി മൂന്നാം വർഷമാണ് കേരളത്തിന് ഈ അംഗീകാരം ലഭിക്കുന്നത്. ഐക്യരാഷ്ട്ര സഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യ സൂചികയിലും കേരളം ഒന്നാം സ്ഥാനത്താണ്. ദാരിദ്ര്യ നിർമ്മാർജനം, ക്രമസമാധാനപാലനം, നീതിനിർവ്വഹണം തുടങ്ങിയ മേഖലകളിൽ രാജ്യത്തെ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളവും ഉൾപ്പെട്ടിട്ടുള്ളത്.

പല കാര്യങ്ങളിലും രാജ്യത്തിനു തന്നെ മാതൃകയാകുംവിധമുള്ള പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ സർക്കാർ നടത്തിയത്. മികച്ച സ്റ്റാർട്ട് അപ്പ് എക്കോസിസ്റ്റമുള്ള സംസ്ഥാനം, നൂറ് ശതമാനം വൈദ്യുതീകരണം നടപ്പിലാക്കിയ സംസ്ഥാനം, ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ച ആദ്യ സംസ്ഥാനം, ആദ്യ വെളിയിട വിസർജനമുക്ത സംസ്ഥാനം, വനിതാക്ഷേമത്തിനായി പ്രത്യേക വകുപ്പും ജെൻഡർ ബജറ്റിംഗും ഏർപ്പെടുത്തിയ സംസ്ഥാനം, സെക്ഷ്വൽ അസോൾട്ട് ഫോറൻസിക് എവിഡൻസ് ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതത്തെക്കാൾ കൂടുതൽ വികസന ഫണ്ടുകൾ നൽകുന്ന ഏക സംസ്ഥാനം, സ്വന്തം ബാങ്ക് രൂപീകരിക്കുന്ന ആദ്യ സംസ്ഥാനം, മാൻഹോളുകൾ ശുചീകരിക്കാൻ യന്ത്രമനുഷ്യനെ ഉപയോഗിച്ച ആദ്യ സംസ്ഥാനം തുടങ്ങി ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായ ബഹുമതികൾ ഒട്ടേറെയുണ്ട് കേരളത്തിന്.

നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രകൃതിദുരന്തം, സാമൂഹ്യക്ഷേമ മേഖലകളെ കൈയൊഴിയാൻ നിർബന്ധിക്കുന്ന കേന്ദ്ര സാമ്പത്തിക നയം, സംസ്ഥാന താൽപര്യങ്ങളോട് അവഗണന കാട്ടുന്ന കേന്ദ്ര സമീപനങ്ങൾ, നോട്ടു നിരോധനം, പ്രകൃതിദുരന്തത്തിന് അർഹമായ സഹായം നിഷേധിക്കൽ, സംസ്ഥാനത്തിന്റെ ന്യായമായ അവകാശങ്ങൾ നിരാകരിക്കൽ തുടങ്ങിയ ഒട്ടേറെ വെല്ലുവിളികൾക്കിടയിലും അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ആശ്വാസം പകരുന്ന ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാനായി. ആദ്യവർഷം തന്നെ തുടക്കം കുറിച്ച ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നിരവധി തോടുകളും ജലാശയങ്ങളും പുനരുജ്ജീവിപ്പിച്ചു. ജലസംരക്ഷണത്തിനും മാലിന്യ നിർമാർജ്ജനത്തിനും പ്രാമുഖ്യം നൽകാനും ഇതുവഴി സാധിച്ചു.

നാഷണൽ സാമ്പിൾ സർവ്വേ റിപ്പോർട്ടു പ്രകാരം താങ്ങാനാവാത്ത ചികിത്സാ ചെലവ് മൂലം ഗ്രാമീണ മേഖലയിലെ എട്ട് ശതമാനവും നഗരമേഖലയിലെ 12 ശതമാനവും ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. ആ സാഹചര്യം കേരളത്തിൽ സംജാതമാകാതിരിക്കാൻ ആർദ്രം പദ്ധതി സഹായിച്ചു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ജില്ലാ-താലൂക്ക് ആശുപത്രികളിൽ വരെ ലഭ്യമാക്കിയും ആരോഗ്യരംഗത്ത് കേരളം പുതിയ മാതൃക തീർക്കുകയാണ്. പണമില്ല എന്നതുകൊണ്ടു ചികിത്സ നിഷേധിക്കപ്പെട്ടുകൂട എന്ന അവസ്ഥ ഉറപ്പാക്കുകയാണ്.

പ്രൈമറി സ്കൂൾതലം മുതൽ സർവ്വകലാശാലാതലം വരെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാനും വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും മുൻഗണന നൽകി. അതിന്റെ




**അഴിമതിരഹിത–മതനിരപേക്ഷ–വികസിത കേരളം എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ കേരളത്തിൽ യാഥാർത്ഥ്യമാവുകയാണ്. അതിനുള്ള തെളിവാണ് രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി ബാംഗ്ലൂർ ആസ്ഥാനമായ പബ്ലിക് അഫയേഴ്സ് സെന്റർ കേരളത്തെ തെരഞ്ഞെടുത്തു എന്നത്.**

ഫലമാണ് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി മൂന്നേകാൽ ലക്ഷം കുട്ടികൾ നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പുതുതായി എത്തിയത്. നാല്പതിനായിരം ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കി. അനേകം സ്കൂൾ കെട്ടിടങ്ങൾ നവീകരിച്ചു. എൽ.പി, യു.പി. ക്ലാസ്സുമുറികളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നടപടികൾ പുരോഗമിക്കുകയാണ്.

സ്വന്തമായി ഭൂമിയില്ലാതിരുന്ന 1.02 ലക്ഷം പേർക്കാണ് സർക്കാർ ഇതിനകം പട്ടയം നൽകിയത്. ഒപ്പം വൻകിട കൈയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തു. അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിലും വികസനാവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കി. പുതുതായി 6 റവന്യൂ ഡിവിഷനുകൾ ആരംഭിച്ചു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം യുക്തിസഹമാക്കി ഭൂമിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനും ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

പോലീസ് സേനയിൽ ചരിത്രത്തിലാദ്യമായി ആദിവാസികൾക്ക് മാത്രമായി പ്രത്യേക ബാച്ച് രൂപീകരിച്ചു. വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 200 പേർക്ക് തീരദേശ സേനയിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചു. തിരുവനന്തപുരത്തിനു പുറമെ എറണാകുളം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കൂടി സൈബർ പോലീസ് സ്റ്റേഷൻ ആരംഭിച്ചു. കേരള ഫയർ സർവ്വീസിൽ ആദ്യമായി 100 ഫയർ വുമൺ തസ്തികകളും സൃഷ്ടിച്ചു.

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായി തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിരുന്ന തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് യാഥാർത്ഥ്യമായി. അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുകവഴി കേരളത്തിലെ ഗ്രാമങ്ങളുടെ മുഖച്ഛായ മാറിത്തുടങ്ങി. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ നൽകുന്ന കാര്യത്തിൽ റെക്കോഡ് നേട്ടം കൈവരിച്ചു. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കാനായി റേഷൻകടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചു. ആലപ്പുഴ ജില്ലയിൽ ആരംഭിച്ച വിശപ്പുരഹിത കേരളം പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചു. ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനായി ആധുനികരീതിയിലുള്ള ഇന്റർമീഡിയേറ്ററി ഗോഡൗണുകളുടെ നിർമ്മാണവും ആരംഭിച്ചു.

കേരകൃഷിയുടെ പ്രതാപം വീണ്ടെടുക്കുന്നതിനായി കേരള നാളികേര വികസന കൗൺസിലിന് രൂപം നൽകി. 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യത്തോടെ നൂറിന കർമ്മ പരിപാടികളുമായി നെൽക്കൃഷി വ്യാപനം ആരംഭിച്ചു. 27 വർഷത്തിനുശേഷം വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കുകയും നഷ്ടപരിഹാരത്തുക പന്ത്രണ്ട് ഇരട്ടിവരെ വർദ്ധിപ്പിക്കുകയും ചെയ്തു. ആഭ്യന്തര പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കടക്കെണിയിലായ ക്ഷീര കർഷകർക്ക് ധനാശ്വാസം നൽകുന്നതിനും സർക്കാരിന് കഴിഞ്ഞു.

കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനുതകുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തോടടുക്കുന്ന വേളയിലാണ് നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയം സംഭവിച്ചത്. 1,46,000 ത്തിലധികം ഹെക്ടർ ഭൂമിയിലെ കൃഷിയെ അത് പ്രതികൂലമായി ബാധിച്ചു. 58,000 ഹെക്ടർ ഭൂമിയിൽ എക്കൽ വന്നടിഞ്ഞു. പത്ത് ലക്ഷത്തിലധികം കൃഷിക്കാരെയാണ് പ്രളയം ബാധിച്ചത്. പശുക്കളും കോഴികളും താറാവുകളും ഉൾപ്പെടെ രണ്ടര ലക്ഷത്തോളം ജീവികൾ ചത്തൊടുങ്ങി. നാലായിരത്തി അഞ്ഞൂറ് കോടിയോളം രൂപയുടെ നഷ്ടം കാർഷികമേഖലയിൽ മാത്രമുണ്ടായി. ഈ മേഖലയുടെ സുസ്ഥിരത നിലനിർത്തുന്നതിനുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കി കൃഷിയിലെ സ്വയംപര്യാപ്തത എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക എന്നതാണ് ഇനി നമുക്കു മുന്നിലുള്ള വെല്ലുവിളി.

സുരക്ഷിത ഭവനങ്ങളുടെ കാര്യത്തിൽ ദേശീയ ശരാശരിക്കും മുകളിലാണ് കേരളം. എങ്കിലും കേരള




ത്തിൽ നാലര ലക്ഷത്തോളം ഭവന രഹിതരുണ്ട്. അതുകൊണ്ടാണ് ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ലൈഫ് പദ്ധതി ആരംഭിച്ചത്. നേരത്തെ വിവിധ ഭവന പദ്ധതികളിൽ നിർമ്മാണം ആരംഭിക്കുകയും പല കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതുമായ 54,281 വീടുകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. ഇവയിൽ 90 ശതമാനത്തിലധികം വീടുകളും വാസയോഗ്യമാക്കുന്നതിന് ഈ കാലയളവിൽ കഴിഞ്ഞു. ഭൂരഹിതരായവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി എല്ലാ ജില്ലകളിലും സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. ഇതോടൊപ്പം പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളും അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്. പല തലങ്ങളിലായി അതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. രണ്ടായിരം വീടുകളുടെ പുനർനിർമ്മാണമാണ് സഹകരണ മേഖലയിലൂടെ നടപ്പിലാവുന്നത്.

കേരളത്തെ നിക്ഷേപ സൗഹൃദമാക്കാനും വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഈസ് ഓഫ് ഡുയിംഗ് ബിസിനസ്സ് നടപ്പിലാക്കാനും ഇക്കാലയളവിൽ സാധിച്ചു. പതിനാല് വകുപ്പുകളുടെ 29 സേവനങ്ങൾ ലഭ്യമാകത്തക്കവിധത്തിൽ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തി. പുതിയ വ്യവസായ സംരംഭങ്ങൾക്ക് അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം അനുമതി ലഭിച്ചില്ലെങ്കിൽ കൽപ്പിത അനുമതി ലഭ്യമാക്കാനും തീരുമാനിച്ചു. നിസാൻ, ഫുജിറ്റ്സു, ടെക് മഹീന്ദ്ര, എയർ ബസ്സ്, ടോറസ് തുടങ്ങിയ കമ്പനികൾ കേരളത്തിലെത്തിയത് കേരളം നിക്ഷേപസൗഹൃദമാകുന്നതിന്റെ ഫലമായാണ്.

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ ഒരു ലക്ഷം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു. ഐ.ടി പാർക്കുകളുടെ വിസ്തീർണം അൻപത് ലക്ഷം ചതുരശ്ര അടിയാക്കി ഉയർത്തി. സൈബർ പാർക്കിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തിയാകുന്നതോടെ രണ്ടായിരം പേർക്ക് നേരിട്ടും ആറായിരം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. സംസ്ഥാന ഐ.ടി. നയത്തിന്റെ ഭാഗമായി വി.എസ്.എസ്.സി. യുമായി കൈകോർക്കുന്നതിന് ശ്രമങ്ങൾ ആരംഭിച്ചു. കൊച്ചിയിൽ ടെക്നോളജി ഇന്നോവേഷൻ സോൺ യാഥാർത്ഥ്യമാക്കി. സ്റ്റാർട്ട് അപ്പുകൾക്ക് അനുയോജ്യമായ ആവാസ വ്യവസ്ഥയുള്ള ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമാക്കി കേരളത്തെ രൂപപ്പെടുത്തി.

തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് ആരംഭിച്ചതിലൂടെ ബയോടെക്നോളജി - അധിഷ്ഠിത വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി. പുത്തൻ വ്യവസായ മേഖലകളിൽ മാത്രമല്ല വിഭവങ്ങളുടെ നീതിയുക്തമായ വിതരണം സാധ്യമാക്കാൻ പരമ്പരാഗതമേഖലകളിലും സർക്കാർ ഇടപെട്ടു. അതിന്റെ ഫലമായി കയർ, കൈത്തറി, കശുവണ്ടി, ഖാദി തുടങ്ങിയ മേഖലകളിലും പുത്തൻ ഉണർവ്വുണ്ടാക്കാൻ സാധിച്ചു. കേരളത്തിന്റെ തനതായ ഉൽപന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി ഉറപ്പാക്കി വാണിജ്യമേഖലയിൽ പുത്തൻ സാധ്യതകൾ കണ്ടെത്തുന്നതിനായി വാണിജ്യമിഷനും രൂപീകരിച്ചു. പൊതുമേഖലയെ സംരക്ഷിക്കുന്ന നിലപാടാണ് ഈ സർക്കാർ തുടക്കം മുതൽ സ്വീകരിച്ചുവരുന്നത്. 14 പൊതുമേഖലാസ്ഥാപനങ്ങളെ ഇതിനകം ലാഭത്തിലാക്കാൻ സാധിച്ചു.

സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കണോമിയുടെ കണക്ക് അനുസരിച്ച് 2018 ൽ രാജ്യത്താകമാനം ഒരു കോടി പത്തുലക്ഷം തൊഴിലുകളാണ് നഷ്ടമായത്. കേന്ദ്രസർക്കാരിന്റെ തൊഴിൽ മേഖലയോടുള്ള സമീപനം വ്യക്തമാക്കുന്നതാണ് ഈ കണക്ക്. എന്നാൽ, ഉദാരവൽക്കരണ നയങ്ങൾക്കെതിരെ ബദൽ സമീപനം സ്വീകരിച്ച കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ ഒരു ലക്ഷത്തിലധികം പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയത്. 20,000 പുതിയ തസ്തികകൾ സൃഷ്ടിക്കാനും ഇതിനകം സാധിച്ചിട്ടുണ്ട്. ജോബ് ഫെയറുകൾ മുഖേന സ്വകാര്യമേഖലയിൽ 12,000 ത്തോളം പേർക്കും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന കാൽ ലക്ഷത്തോളം പേർക്കും ജോബ് ഓഫറുകൾ ലഭിച്ചു. സാമൂഹിക അസമത്വങ്ങൾക്ക് അറുതിവരുത്താൻ ഉതകുന്ന വിധത്തിൽ തൊഴിൽമേഖലയിൽ ഇടപെടാൻ കഴിഞ്ഞു. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിൽ ശാന്തിക്കാരായി ദളിതരുൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളെ നിയമിച്ച നടപടി. ദേവസ്വം നിയമനങ്ങളിൽ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണവും ഏർപ്പെടുത്തി.

കേരളത്തെ തൊഴിലാളി - നിക്ഷേപക സൗഹൃദമാക്കാൻ പുതിയ



തൊഴിൽ നയം രൂപീകരിച്ചു. വിമുക്തിമിഷന്റെ ഭാഗമായി മുഴുവൻ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും സ്ത്രീകളടക്കമുള്ള തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തി. 26 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചു. ആവാസ് എന്ന പേരിൽ അതിഥി തൊഴിലാളികൾക്കായി നടപ്പിലാക്കിയ ഇൻഷ്വറൻസ് പദ്ധതിയിൽ മൂന്നരലക്ഷം പേരെ അംഗങ്ങളാക്കി. അതിഥി തൊഴിലാളികൾക്ക് താമസ സൗകര്യം ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച അപ്നാ ഘർ എന്ന പാർപ്പിട സമുച്ചയം പാലക്കാട്ട് പൂർത്തിയായി.

2020-2024 ലെ ഒളിമ്പിക്സിലേയ്ക്കായി കേരള കായികതാരങ്ങളെ സജ്ജരാക്കുന്നതിനു ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി ആവിഷ്ക്കരിച്ചു. വിനോദസഞ്ചാരമേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസം കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുമായി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആരംഭിച്ചു. കടലിന്റെ അടിത്തട്ടിലുള്ള ടൺകണക്കിന് പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്യുന്നതിനായി ആരംഭിച്ച ശുചിത്വ സാഗരം പദ്ധതി ലോകശ്രദ്ധ പിടിച്ചുപറ്റി.

സർക്കാർ നടത്തിയ സാമ്പത്തിക ഇടപാടുകളിൽ പ്രധാനപ്പെട്ടത് കിഫ്ബിയുടെ പുനഃസംഘടനയാണ്. പ്രത്യേക ഉദ്ദേശ്യത്തോടെയുള്ള ഈ ധനസമാഹരണ ഉപാധിയിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിന് അഞ്ചുവർഷം കൊണ്ട് 50,000 കോടിരൂപ സമാഹരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ മൂന്നുവർഷംകൊണ്ടുതന്നെ 42,000 കോടിയിലധികം രൂപയുടെ പദ്ധതികൾക്ക് കിഫ്ബിയിലൂടെ ഭരണാനുമതി നൽകാൻ സാധിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിൽ ലക്ഷ്യത്തിനുമപ്പുറത്തേയ്ക്ക് കുതിക്കാൻ നമുക്ക് കഴിയുന്നുവെന്നതിന് തെളിവാണിത്. കിഫ്ബി ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ നിക്ഷേപ അവസരങ്ങളിലൊന്നാണ് മസാല ബോണ്ട്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഇത് ലിസ്റ്റ് ചെയ്യപ്പെട്ടതോടെ ഓഹരി വിപണിയിൽ ബോണ്ടുകൾ വിൽക്കാനും വാങ്ങാനുമുള്ള വിപുലമായ അവസരമാണ് തുറന്നു കിട്ടിയിട്ടുള്ളത്.

കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ പ്രവാസി സമൂഹത്തിനുവേണ്ടിയും നിരവധി പ്രവർത്തനങ്ങൾ നടത്താനായി. ലോക കേരള സഭ നിലവിൽ വന്നതിന്റെ തുടർച്ചയായി ഏഴ് സ്റ്റാൻഡിങ് കമ്മറ്റികൾക്ക് രൂപം നൽകി. ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ പ്രവാസി പരാതി പരിഹാര കമ്മിറ്റിയും രൂപീകരിച്ചു. മടങ്ങിയെത്തുന്ന പ്രവാസികൾക്കുള്ള ആനുകൂല്യവിതരണത്തിലും വർധനവ് വരുത്തി.

സമാനതകളില്ലാത്ത ഇത്തരം പ്രവർത്തനങ്ങൾക്കിടയിൽ പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടാനും പ്രതിസന്ധികളിൽ തളരാത്ത വണ്ണം കേരള സമൂഹത്തിന് ഒറ്റക്കെട്ടായി നിൽക്കാനും കഴിഞ്ഞുവെന്നതാണ് കഴിഞ്ഞ മൂന്നു വർഷത്തെ നമ്മുടെ ഏറ്റവും വലിയ നേട്ടം. പ്രളയം തകർത്തെറിഞ്ഞ കേരളത്തിന്റെ പുനർനിർമാണം എന്ന അതിബൃഹത്തായ കടമ പൂർണതോതിൽ പൂർത്തിയാക്കാൻ രണ്ടു മുതൽ മൂന്നുവർഷം വരെ വേണ്ടിവരും. അതിനായി ആസൂത്രണത്തിനും നിർമ്മാണത്തിനും വേഗതയും കാര്യക്ഷമതയും ഉൾക്കൊള്ളുന്ന പുനർനിർമ്മാണ പദ്ധതിയുമായാണ് നാം മുന്നോട്ടു നീങ്ങുന്നത്. ദുരന്തത്തെ അതിജീവിക്കാൻ പറ്റുന്നവിധം ആസ്തികളും ജീവനോപാധികളും സംരക്ഷിക്കാൻ കഴിയുന്ന വിധമാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്.

പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് 36,000 കോടി രൂപ ആവശ്യമുണ്ടെന്നാണ് യു.എൻ. ഏജൻസികളുടെ കണക്ക്. ഈ പണം ആഭ്യന്തരമായി സ്വരൂപിക്കുക കേരളത്തെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ള കാര്യമല്ല. ഇത് സാധ്യമാക്കുന്നതിനായി വിവിധതരത്തിലുള്ള വിഭവസമാഹരണ രീതികൾ സർക്കാർ ആവിഷ്ക്കരിച്ചുവരികയാണ്. ദുരന്തസമയത്തെ രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസപ്രവർത്തനങ്ങളിലുമെല്ലാം തുറന്ന മനസ്സോടെ കൈകോർത്തവരാണ് നമ്മൾ. അനുകരണീയമായ ഈ ഒരുമയും പരാജിതരാകാൻ നിന്നുകൊടുക്കാത്ത നമ്മുടെ മനോഭാവവുമാണ് പുനർനിർമ്മാണ ഘട്ടത്തിലും കേരളത്തിന് മുതൽക്കൂട്ടാകാൻ പോകുന്നത്. ഈ ഐക്യമാണ് പുനർനിർമാണത്തിലൂടെയുള്ള നവകേരള നിർമിതിയിൽ സർക്കാരിന് കരുത്ത് പകരുന്നത്.●





# കേരളത്തിലെ തദ്ദേശ സ്വയംഭരണം

# ഇന്നലെ ഇന്ന് നാളെ

**പഞ്ചായത്ത് ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽ നടത്തിയ പ്രസംഗം**

**തുടർച്ച**

**എ സി മൊയ്തീൻ**
**തദ്ദേശസ്വയംഭരണ മന്ത്രി**

മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ, പട്ടികവർഗ കുടുംബങ്ങളുടെ പ്രാതിനിധ്യവും പങ്കാളിത്തവും ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ്, ഈ സർക്കാർ തുടക്കം മുതൽ പ്രവർത്തിച്ചത്.

പദ്ധതിയിലെ പട്ടികവർഗ പ്രാതിനിധ്യം 2015-16 ലെ 3.93 ശതമാനത്തിൽ നിന്ന് 5.72 ശതമാനമായി വർധിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 50,000 ൽ താഴെ പട്ടികവർഗ കുടുംബങ്ങൾ മാത്രം തൊഴിലുറപ്പു പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്ന സ്ഥാനത്ത്, ഇന്നത് 65,000-ത്തിനു മുകളിൽ എത്തിയിട്ടുണ്ട്. കേന്ദ്ര നിയമത്തിൽ പറയുന്ന നൂറ് തൊഴിൽ ദിനങ്ങൾക്ക് പുറമെ, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ ദിനങ്ങൾ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതിക്കു വേണ്ടി 12.40 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയുണ്ടായി. നൂറ് ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത കുടുംബങ്ങൾക്ക് കൂലിയിനത്തിൽ 6.75 കോടി രൂപയാണ് സംസ്ഥാന സർക്കാർ വിഹിതമായി നൽകിയത്. സംസ്ഥാനത്തെ 500-ൽ അധികം പട്ടികവർഗ കുടുംബങ്ങൾ ഇതിനകം 200 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി. 150 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ പട്ടികവർഗ കുടുംബങ്ങളുടെ എണ്ണമെടുത്താൽ, 3000 ത്തോളം വരും. പട്ടികവർഗക്കാരായ തൊഴിലാളികൾക്ക് മുൻകൂർ വേതനം നൽകുന്ന പദ്ധതി വയനാട് ജില്ലയിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽപ്പെടുത്തി, പാലക്കാട് ജില്ലയിൽ 50 ലക്ഷം രൂപയും വയനാട് ജില്ലയിൽ 25 ലക്ഷം രൂപയും മുൻകൂർ വേതനമായി വിതരണം ചെയ്തു. ഈ സാമ്പത്തിക വർഷത്തിൽ 12





**മുമ്പില്ലാത്ത വിധം, സുസ്ഥിര വികസനത്തിന് മുതൽക്കൂട്ടാവുന്ന പ്രവൃത്തികൾക്ക്, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, ഊന്നൽ നൽകി. പദ്ധതിയുമായി ബന്ധപ്പെടുത്തി, മണ്ണും ജലവും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തി വരുന്നത്.**

കോടി രൂപ മുൻകൂർ കൂലിയിനത്തിൽ വിതരണംം ചെയ്യും. രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും കാണാത്തതാണ് ഈ മുൻകൈ പ്രവർത്തനം എന്നോർക്കണം.

മുമ്പില്ലാത്ത വിധം, സുസ്ഥിര വികസനത്തിന് മുതൽക്കൂട്ടാവുന്ന പ്രവൃത്തികൾക്ക്, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, ഊന്നൽ നൽകി. പദ്ധതിയുമായി ബന്ധപ്പെടുത്തി, മണ്ണും ജലവും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തി വരുന്നത്. ഈ കാലയളവിൽ, 41,000 ത്തിൽ പരം ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തി. 57,000 ത്തിലധികം ജലസേചന കനാലുകൾ ഉപയോഗക്ഷമമാക്കി. 48,000ത്തിലധികം പരമ്പരാഗത ജലസ്രോതസുകൾ വൃത്തിയാക്കി സംരക്ഷിച്ചു. 12,000ത്തിലധികം കാർഷിക കുളങ്ങൾ നിർമിച്ചു. തരിശുഭൂമി കൃഷിയോഗ്യമാക്കി 14,000 ത്തോളം സംഘങ്ങൾക്ക് നൽകി. സുസ്ഥിര വികസനത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ ഈ പ്രവൃത്തികളിലെ പങ്കാളിത്തം സഹായകമായി. ലൈഫ് പദ്ധതിയിൽ പെട്ടവർക്ക് ഭവനനിർമാണ സാമഗ്രികൾ നിർമിച്ച് സൗജന്യ നിരക്കിൽ നൽകുന്നതിനുള്ള 502 യൂണിറ്റുകൾ, തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. 25 ലക്ഷത്തോളം കട്ടകൾ ഈ യൂണിറ്റുകൾ വഴി ഇതിനകം വിതരണം ചെയ്തു.

പ്രളയത്തിനു ശേഷമുള്ള പ്രത്യേക സാഹചര്യത്തിൽ, പ്രളയബാധിത ജില്ലകളിലെ തൊഴിലാളികൾക്ക്, കേന്ദ്ര നിയമത്തിലെ 100 ന് പുറമെ, 50 തൊഴിൽ ദിനങ്ങൾ അധികമായി നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഈ വർഷത്തെ ലേബർ ബഡ്ജറ്റ് പുതുക്കിയിട്ടുണ്ട്. പ്രളയത്തിനു ശേഷം, 63,285 കുടുംബങ്ങൾ തൊഴിലുറപ്പു പദ്ധതിയിൽ പുതിയതായി രജിസ്റ്റർ ചെയ്തു. പ്രളയം നാശം വിതച്ചു തുടങ്ങിയ 2018 ആഗസ്ത് 16 മുതൽ നാളിതുവരെ, 5.03 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട്, ദേശീയ തലത്തിൽ ശ്രദ്ധേയമായ നിരവധി പുരസ്കാരങ്ങൾ സ്വന്തമാക്കാൻ ഈ വർഷം കേരളത്തിനായി. ദേശീയ തലത്തിൽ മികച്ച പദ്ധതി നടത്തിപ്പിനുള്ള പുരസ്കാരം ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തിന് ലഭിച്ചതുമാത്രം, ഈ അവസരത്തിൽ എടുത്തു പറയട്ടെ.

സ്ത്രീ ശാക്തീകരണമാണ് വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ കേരള മാതൃകയെ ദേശീയ ശ്രദ്ധയിൽ നിർത്തുന്ന ഒരു പ്രധാന ഘടകം. 1992 ൽ ആലപ്പുഴ പട്ടണത്തിലെ ഏഴു വാർഡുകളിൽ പരീക്ഷണാർത്ഥം തുടക്കം കുറിച്ച കുടുംബശ്രീ ഏഷ്യയിലെ ഏറ്റവും വിപുലമായ സംഘടനാ സംവിധാനമുള്ള വനിതാ പ്രസ്ഥാനമായി മാറിക്കഴിഞ്ഞു. കുടുംബശ്രീയുടെ വ്യാപ്തിയും സ്വീകാര്യതയും വർധിപ്പിക്കാൻ വിപുലമായ ക്യാമ്പെയിൻ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നത്. നിലവിൽ കേരളത്തിലെ 43 ലക്ഷം കുടുംബങ്ങൾക്ക് കുടുംബശ്രീയിൽ അംഗത്വമുണ്ട്. കുടുംബശ്രീ തുടക്കം കുറിച്ച സൂക്ഷ്മതല ഫിനാൻസ് സംവിധാനമാണ് സംസ്ഥാനത്തെ ലക്ഷക്കണക്കിന് കുടുംബങ്ങളെ ബ്ലേഡ് പലിശക്കാരുടെ കെണിയിൽ നിന്ന് രക്ഷിച്ചത്. നിലവിൽ, സംസ്ഥാനത്തെ വിവിധ ബാങ്കുകളിലായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 4,430 കോടി രൂപയുടെ സമ്പാദ്യമുണ്ട്. കൊച്ചി മെട്രോയിൽ ക്ലീനിങ് മുതൽ ഓഫീസ് നിർവ്വഹണം വരെയുള്ള എല്ലാ ജോലികളും കുടുംബശ്രീ വനിതകളാണ് ചെയ്യുന്നത്. വനിതകൾ മാ

ത്രം ജോലി ചെയ്യുന്ന ലോകത്തിലെ ആദ്യത്തെ മെട്രോ പദ്ധതിയാണ് കൊച്ചി മെട്രോ. ആദ്യഘട്ടത്തിൽ 600 വനിതകൾക്കാണ് കൊച്ചി മെട്രോയിൽ ജോലി ലഭിച്ചത്. പദ്ധതി പൂർത്തിയാകുന്നതോടെ 1,600 വനിതകൾക്ക് ഇതിൽ ജോലി നൽകാനാവും. ട്രാൻസ്ജൻഡർ വിഭാഗത്തിൽപെട്ട 11 പേർക്കും മെട്രോയിൽ ജോലി നൽകാൻ കഴിഞ്ഞു. എന്നും അവഗണന മാത്രം നേരിട്ട ട്രാൻസ്ജൻഡർ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകി തൊഴിൽ ലഭ്യമാക്കിയ രാജ്യത്തെ തന്നെ ആദ്യത്തെ വലിയ സംരംഭമായി കൊച്ചി മെട്രോയെ കണക്കാക്കാം. ലിംഗ പദവി സംബന്ധിച്ച പരമ്പരാഗത ധാരണകളിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കണമെന്നാണ് ഈ സർക്കാർ ആഗ്രഹിക്കുന്നത്. ജാതി, മത, ലിംഗ പരിഗണന കൂടാതെ സമൂഹത്തിലെ എല്ലാവർക്കും കൂടുതൽ മെച്ചപ്പെട്ട ജീവിതം സാധ്യമാവണം. സ്ത്രീയെ രണ്ടാം തരം പൗരരായി കാണുന്നവർക്കും ട്രാൻസ്ജൻഡറുകളെ മറ്റുള്ളവർക്ക് തുല്യരായി കണക്കാക്കാൻ മനസ്സില്ലാത്തവർക്കും ഈ സർക്കാരിന്റെ നയങ്ങളും മുൻഗണനകളും സ്വീകാര്യമാവണമെന്നില്ല. അത്തരക്കാർ ഗാലറികളിലിരുന്ന് കയ്യടിക്കും എന്ന പ്രതീക്ഷയോടെയല്ല ഈ സർക്കാർ പ്രവർത്തിക്കുന്നത്. കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ, ഈ നയസമീപനങ്ങൾക്ക് ഉറച്ച പിന്തുണ നൽകാൻ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാവുന്നത് സർക്കാരിന്റെ ശരിയായ നിലപാടുകൾക്കുള്ള ജനങ്ങളുടെ അംഗീകാരമായി ഞാൻ കാണുന്നു.



**സ്ത്രീ ശാക്തീകരണത്തിനും സംരംഭകത്വ വികസനത്തിനും ഒരു പോലെ പ്രാധാന്യം നൽകാൻ കുടുംബശ്രീക്ക് കഴിയുന്നുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും, കുടുംബശ്രീയുടെ മാതൃകയിൽ കൂടുതൽ സൂക്ഷ്മ–ചെറുകിട സംരംഭങ്ങൾ ഉണ്ടാവണം.**

സംരംഭകത്വ വികസനം മുതൽ സാന്ത്വന പരിചരണം വരെയെത്തുന്ന മേഖലകളിൽ, ഇന്ന് കുടുംബശ്രീക്ക് സമമായി കുടുംബശ്രീ മാത്രമേയുള്ളൂ. കേരളത്തിലെ നഗരങ്ങളിലും നാട്ടിൻ പുറങ്ങളിലും, സാമ്പത്തിക പുരോഗതിയും സാമൂഹ്യ വികസനവും കൂട്ടിയിണക്കുന്ന കണ്ണിയായാണ് കുടുംബശ്രീ പ്രവർത്തിക്കുന്നത്. മാനസിക- ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി, 122 ബഡ്സ് സ്കൂളുകളും 131 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും കുടുംബശ്രീ നടത്തുന്നുണ്ട്. നൂറ് ബഡ്സ് സ്കൂളുകൾ കൂടി ഈ വർഷം ആരംഭിക്കും. സംസ്ഥാന ബജറ്റിൽ ഇതിനായി 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ നോഡൽ ഏജൻസിയും കുടുംബശ്രീയാണ്. ഓരോ വർഷവും ആയിരക്കണക്കിനു പേർക്ക് ഈ പദ്ധതിയുടെ ഭാഗമായ തൊഴിൽ പരിശീലനവും സംരംഭകത്വ പരിശീലനവും ലഭിക്കുന്നു.

സൂക്ഷ്മ - ചെറുകിട സംരംഭകത്വത്തിന്റെ വിവിധങ്ങളായ മേഖലകളിൽ കുടുംബശ്രീ ഇന്ന് സജീവ സാന്നിധ്യമാണ്. ജൻ - ആഹാർ, ടിക്കറ്റ് റിസർവേഷൻ, വെയിറ്റിങ് ലോഞ്ച്, പാർക്കിങ്, കെട്ടിട നിർമാണം, കയർ ഡിഫൈബറിങ് എന്നിങ്ങനെയുള്ള വിവിധങ്ങളായ മേഖലകളിൽ കുടുംബശ്രീ സംഘങ്ങൾ പ്രവർത്തിക്കുന്നു. വയോജന സംരക്ഷണത്തിനുള്ള ജെറിയാട്രിക് കെയർ അടക്കമുള്ള പദ്ധതികൾ വിജയകരമായി നടത്തുന്നതും കുടുംബശ്രീയാണ്. കാർഷിക രംഗത്തെ കുടുംബശ്രീയുടെ സംഭാവനകൾ പ്രത്യക പരാമർശമഹിക്കുന്നു. 63,000 ത്തോളം സംഘകൃഷി ഗ്രൂപ്പുകളിലായി, 2,88,000 ൽ അധികം കുടുംബശ്രീ വനിതകളാണ് ഇന്ന് കാർഷിക രംഗത്ത് പ്രവർത്തിക്കുന്നത്. 50,000 ഹെക്ടറിലധികം സ്ഥലത്ത് ഇവർ സംഘകൃഷി നടത്തുന്നു. ഇതിൽ 6,500 ഏക്കറിലും ജൈവ കൃഷിയാണ്. ആദിവാസി മേഖലകളിൽ കൂടുതൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും പരമ്പരാഗത സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൂടിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. സ്ത്രീ ശാക്തീകരണത്തിനും സംരംഭകത്വ വികസനത്തിനും ഒരു പോലെ പ്രാധാന്യം നൽകാൻ കുടുംബശ്രീക്ക് കഴിയുന്നുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും, കുടുംബശ്രീയുടെ മാതൃകയിൽ കൂടുതൽ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ഉണ്ടാവണം. ഉൽപ്പാദന മേഖലയ്ക്ക് ഊന്നൽ നൽകുന്ന കൂടുതൽ സംരംഭങ്ങളെ പ്രാദേശിക സർക്കാരുകൾ പ്രോത്സാഹിപ്പിക്കണം.

പിന്നാക്കക്കാരുടെയും താഴ്ന്ന ഇടത്തരക്കാരുടെയും സാമ്പത്തിക ശാക്തീകരണത്തിൽ കുടുംബശ്രീ വഹിച്ചു പോരുന്ന പങ്ക് നിസ്തുലമാണ്. പ്രളയകാലത്ത്, ഒരു വശത്ത്, കുടുംബശ്രീയുടെ കരുത്തും, മറുവശത്ത്, അതിന്റെ സാന്ത്വനവും കേരളം അനുഭവിച്ചു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ശുചീകരണ ദൗത്യത്തിലും കുടുംബശ്രീ മുന്നിൽ നിന്നു. പ്രളയത്തിൽ ഗൃഹോ

പകരണങ്ങളും ഉപജീവന മാർഗങ്ങളും നഷ്ടമായവർക്ക് കുടുംബശ്രീയുടെ റിസർജൻറ് കേരള ലോൺ സ്കീം വഴി 1,016 കോടി രൂപയുടെ വായ്പ ലഭ്യമാക്കി. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് വേണ്ടി ഡിസ്കൗണ്ട് പർച്ചേസ് സ്കീമും നടപ്പിലാക്കി. ഈ വർഷത്തെ ബഡ്ജറ്റിൽ കുടുംബശ്രീക്ക് വേണ്ടി 1,000 കോടി രൂപയാണ് വകയിരുത്തിയത്. ഇതിനു പുറമെ, ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി 112 കോടിയും കുടുംബശ്രീക്ക് ലഭിക്കും. സ്ത്രീശാക്തീകരണത്തിന് മുന്നിലുള്ള വെല്ലുവിളികൾ നേരിടാൻ വിവിധങ്ങളായ പരിശീലന പരിപാടികളാണ് കുടുംബശ്രീ നടത്തി വരുന്നത്. കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള കുടുംബശ്രീ സ്കൂൾ പദ്ധതി ശ്രദ്ധേയമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധർക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള ജാഗ്രതാ സംവിധാനങ്ങളാണ് കുടുംബശ്രീയെ വേറിട്ടതാക്കുന്ന മറ്റൊരു കാര്യം. അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താൽക്കാലിക പുനരധിവാസവും മറ്റ് പിന്തുണാ സംവിധാനങ്ങളും ലഭ്യമാക്കുന്ന സ്നേഹിത ജൻഡർ ഹെൽപ് ഡെസ്കുകൾ ഇപ്പോൾ പതിന്നാല് ജില്ലകളിലും പ്രവർത്തിക്കുന്നു. മനുഷ്യക്കടത്ത് തടയുന്നതിനുള്ള ആൻറി ഹ്യൂമൻ ട്രാഫിക്കിങ്ങ് പദ്ധതി ഇടുക്കിയിലെ ദേവികുളം, വയനാട്ടിലെ മാനന്തവാടി, പാലക്കാട്ടെ ചിറ്റൂർ എന്നീ ബ്ലോക്കുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഒറ്റയ്ക്ക് താമസിക്കുന്നവർക്ക് സഹായവും പിന്തുണയും എത്തിക്കുന്നതിനുള്ള സ്നേഹിത കോളിങ്ങ് ബെൽ പദ്ധതിയും കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. ആശ്രയ പദ്ധതിയിലൂടെ അഗതി രഹിത കേരളം എന്ന ലക്ഷ്യത്തിലേക്ക് കുടുംബശ്രീ കേരളത്തെ കൈ പിടിക്കുകയാണ്.

കേവല സാമ്പത്തിക വികസനമല്ല, അതിനേക്കാൾ വിശാലമായ അർത്ഥത്തിലുള്ള സാമൂഹിക വികസനമാണ് ഈ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. എല്ലാ സാമൂഹിക വിവേചനങ്ങൾക്കും ഈ സർക്കാർ എതിരാണ്. തുല്യ ലിംഗ പദവിക്കും ഭരണഘടനാ ദത്തമായ പൗരാവകാശങ്ങൾക്കും വേണ്ടിയുള്ള സ്ത്രീകളുടെ ഉദ്യമങ്ങൾക്ക് ഈ സർക്കാരിന്റെ ഉറച്ച പിന്തുണയുണ്ട്. ലിംഗ പദവി വിദ്യാഭ്യാസത്തിന് മുമ്പൊരിക്കലുമില്ലാത്ത പ്രാധാന്യമാണ് ഈ സർക്കാർ നൽകുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കും മാത്രമല്ല, ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്കും തുല്യ ലിംഗ പദവിക്ക് അർഹതയുണ്ട് എന്നതാണ് ഈ സർക്കാരിന്റെ വ്യക്തമായ കാഴ്ചപ്പാട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഇക്കാര്യം അർദ്ധശങ്കയ്ക്ക് ഇടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുള്ളതാണല്ലോ. കുടുംബശ്രീയെ ആളും അർത്ഥവും നൽകി സഹായിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2015-16 വർഷത്തിൽ കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതം 75 കോടി രൂപ ആയിരുന്നത്, തൊട്ടടുത്ത വർഷം 130 കോടിയായും 2017-18 ൽ 161 കോടിയായും 2018-19ൽ 188 കോടിയായും ഈ സർക്കാർ വർധിപ്പിച്ചിരുന്നു.



2019-20ലെ കുടുംബശ്രീയുടെ ബഡ്ജറ്റ് വിഹിതം 258 കോടി രൂപയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധങ്ങളായ വികസന പദ്ധതികളിൽ ഉൾപ്പെടുത്തി നീക്കിവച്ച തുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും കൂടി ചേർത്താൽ ഇത് 1,000 കോടി രൂപ കവിയും. രാജ്യത്തെ ഇരുപതോളം സംസ്ഥാനങ്ങളിൽ കുടുംബശ്രീയുടെ പ്രവർത്തനം എത്തിക്കഴിഞ്ഞു.

ഭരണ സംവിധാനത്തിന്റെ, വിശേഷിച്ച് സർക്കാർ ആഫീസുകളുടെ, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ പ്രത്യേക ഊന്നൽ നൽകുന്നു. ദിവസങ്ങൾ കൊണ്ടോ, ഏറിയാൽ ആഴ്ചകൾ കൊണ്ടോ തീരുമാനമാകേണ്ട ഫയലുകൾ മാസങ്ങളും, ചിലപ്പോൾ, വർഷങ്ങളും കെട്ടിക്കിടക്കുന്നത് ഒരു ആധുനിക ഭരണ സംവിധാനത്തെ സംബന്ധിച്ചിടത്തോളം അപമാനകരമാണ്. സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തി വരുന്ന പരിശ്രമങ്ങൾ ഈ ദിശയിൽ വലിയ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. ഫയലുകൾ ചുവപ്പുനാടയിൽ കുരുങ്ങുന്നത് സേവനങ്ങൾ ലഭിക്കാൻ പൗരനുള്ള അവകാശത്തിന്റെ ലംഘനമാണ്. ഓരോ ഫയലും ഓരോ ജീവിതമാണെന്ന ബഹു. മുഖ്യമന്ത്രിയുടെ പരാമർശം നമുക്ക് ഓർമിക്കാം. നയങ്ങൾ ശരിയായതുകൊണ്ടു മാത്രം കാര്യമില്ല. കാര്യക്ഷമതയും സുതാര്യതയും തുല്യ അളവിൽ പ്രധാനമാണ്. സെക്രട്ടേറിയറ്റ് മുതൽ ഗ്രാമ പഞ്ചായത്തുകൾ വരെ, ഭരണത്തിന്റെ ഒരു തലത്തിലും ഫയലുകൾ കെട്ടിക്കിടന്നു കൂടാ. മിഷൻ 30 ഡേയ്സ് എന്ന പേരിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നടത്തിയ പ്രത്യേക ഡ്രൈവിലൂടെ 10,647 ഫയലുകൾ തീർപ്പാക്കി. മറ്റ് തദ്ദേശ സ്വയംഭരണ വകുപ്പുകളിലും ഇതേ മാതൃകയിൽ പ്രത്യേക അദാലത്തുകൾ നടത്തും.

സമൂഹത്തിന്റെ പൊതുവായ മൂല്യബോധവും ധാർമിക നിലവാരവുമാണ് ഗ്രാമസഭകൾ അടക്കമുള്ള വേദികളിൽ പ്രതിഫലിക്കുന്നത്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ ഖാപ് പഞ്ചായത്തുകളുടെ ഉദാഹരണം സൂചിപ്പിച്ചുവല്ലോ. നവോത്ഥാനത്തിന്റെയും കർഷക സമരങ്ങളുടെയും പാരമ്പര്യമുള്ള നാടാണ് കേരളം. അതിനു ചേർന്ന നിലവാരത്തിലേക്ക് നമ്മുടെ ഗ്രാമസഭകൾ ഉയരുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തണം. ലിംഗ സമത്വത്തിന്റെ വിളംബര വേദികളായി വാർഡ്/ ഗ്രാമസഭകൾ മാറണം.



**മനുഷ്യക്കടത്ത് തടയുന്നതിനുള്ള ആൻറി ഹ്യൂമൻ ട്രാഫിക്കിങ്ങ് പദ്ധതി ഇടുക്കിയിലെ ദേവികുളം, വയനാട്ടിലെ മാനന്തവാടി, പാലക്കാട്ടെ ചിറ്റൂർ എന്നീ ബ്ലോക്കുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഒറ്റയ്ക്ക് താമസിക്കുന്നവർക്ക് സഹായവും പിന്തുണയും എത്തിക്കുന്നതിനുള്ള സ്നേഹിത കോളിങ്ങ് ബെൽ പദ്ധതിയും കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു.**

കുടുംബശ്രീയും തൊഴിലുറപ്പു രംഗത്തെ തൊഴിൽ കൂട്ടായ്മകളും ഗ്രാമസഭകളെ സജീവമാക്കുന്നതിൽ വഹിക്കുന്ന പങ്ക് പ്രത്യേകം പരാമർശമർഹിക്കുന്നു. ഇടത്തരക്കാരെന്നോ പാവപ്പെട്ടവരെന്നോ വ്യത്യാസമില്ലാതെ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽ പെട്ട വോട്ടർമാരും ഗ്രാമസഭകളിൽ ധാരാളമായി എത്തുന്ന സ്ഥിതിയുണ്ടാവണം. ഗ്രാമസഭകൾ ബിപിഎല്ലുകാർക്കും സ്ത്രീകൾക്കും മാത്രമുള്ളതല്ല. ഗ്രാമസഭകളിൽ പങ്കെടുക്കുന്നത് സ്വന്തം അവകാശവും കടമയുമാണെന്ന തോന്നൽ വോട്ടർമാരിൽ ഉണ്ടാക്കുന്ന വിധത്തിൽ ഗ്രാമസഭാ നടപടിക്രമങ്ങൾ കാമ്പുള്ളതും കാര്യമാത്ര പ്രസക്തവുമാകണം. ഗ്രാമസഭകളിൽ സ്വന്തം സാമൂഹ്യ പദവിയും സ്വാധീനശക്തിയും ഉപയോഗപ്പെടുത്തി മറ്റുള്ളവരുടെ താൽപ്പര്യങ്ങളെ ഹനിക്കുന്ന രീതിയിൽ പെരുമാറാൻ ആരെയും അനുവദിക്കരുത്. സ്ത്രീകളും ദളിതരും ഭിന്നശേഷിക്കാരും വൃദ്ധരും കുട്ടികളും ഇത്തരത്തിൽ അവഗണന നേരിടാം. ആരെയും അവഗണിക്കാത്ത, ശരിയായ മാനസികാരോഗ്യമുള്ള, സമൂഹത്തെ സൃഷ്ടിക്കുന്നതിൽ ഗ്രാമസഭകൾക്ക് പ്രധാന പങ്കുവഹിക്കാൻ കഴിയും. സമൂഹത്തിന്റെ പരമ്പരാഗത ചിന്താരീതികളിൽ മാറ്റം വരുത്തുന്നതിനും കൂടുതൽ ജനാധിപത്യപരമായ പുതിയ കാഴ്ചപ്പാടുകൾ വികസിപ്പിച്ചെടുക്കുന്നതിനും ഭിന്നശേഷിക്കാരുടെ ഗ്രാമസഭകൾ പോലുള്ള പ്രത്യേക ഗ്രാമസഭകളിലൂടെ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിച്ചു വരികയാണ്. ലിംഗ പദവിയും സാമൂഹ്യ പദവിയും സംബന്ധിച്ച അവബോധം ശക്തിപ്പെടുത്താൻ ഗ്രാമസഭകളുടെ ശാക്തീകരണം സഹായിക്കും. ഭിന്നശേഷിക്കാരും പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങളും വെറും ഗുണഭോക്താക്കൾ മാത്രമാണെന്ന തോന്നൽ പൊതു സമൂഹത്തിനോ ഈ വിഭാഗങ്ങൾക്കോ ഉണ്ടാവരുത്. ഗ്രാമസഭകൾ സാമൂഹ്യ വിദ്യാഭ്യാസത്തിന്റെ വേദികൾ കൂടിയാവണം. അത് ഉറപ്പു വരുത്തേണ്ട കടമ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ട്. അവശതകൾ അനുഭവിക്കുന്ന പ്രത്യേക വിഭാഗങ്ങൾക്കായി പ്രത്യേക ഗ്രാമസഭകൾ വിളിക്കുക എന്ന ആശയം ഭിന്നശേഷിക്കാർ അടക്കമുള്ളവരുടെ ശബ്ദം ഗ്രാമഭരണത്തിൽ ഉയർന്നു

കേൾക്കാൻ അവസരം ഒരുക്കിയിരിക്കുന്നു.

പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും നടപടിക്രമങ്ങൾ ലഘൂകരിക്കുക എന്നതാണ് ഈ സർക്കാർ തുടക്കം മുതൽ മുന്നോട്ടു വച്ച സമീപനം. നാല് വ്യത്യസ്ത കാറ്റഗറികളായി പ്രോജക്ടുകളെ തരംതിരിച്ചത് കാര്യങ്ങൾ എളുപ്പമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത നൂതന പ്രോജക്ടുകളാണ് കാറ്റഗറി ഒന്നിൽ വരുന്നത്. വിഹിതം കൈമാറലും ഡെപ്പോസിറ്റ് വർക്കുകളും കാറ്റഗറി രണ്ടിൽ ഉൾപ്പെടും. ഇവയ്ക്ക് വെറ്റിങ്ങ് ഒഴിവാക്കിയിട്ടുണ്ട്. വെറ്റിങ്ങ് ആവശ്യമുള്ള സാധാരണ പ്രോജക്ടുകളാണ് മൂന്നാം കാറ്റഗറി. വെറ്റിങ്ങും സാങ്കേതിക അനുമതിയും ആവശ്യമുള്ള പ്രാജക്ടുകളെ മറ്റൊരു കാറ്റഗറിയായി, കാറ്റഗറി നാലായി, പരിഗണിക്കുന്നു. ഈ രീതി സ്വീകരിച്ചതിലൂടെ പ്രോജക്ട് രൂപീകരണത്തിന്റെയും അംഗീകരണത്തിന്റെയും നടപടിക്രമം ഏറെ ലളിതമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വെറ്റിങ്ങ് ഒഴിവാക്കി. പദ്ധതി രൂപീകരണത്തിൽ അയൽസഭകളുടെയും വാർഡ് വികസന സമിതികളുടെയും പങ്കാളിത്തം അഭികാമ്യമാണ്. എന്നാൽ, ഇത് നിർബന്ധമാക്കി പദ്ധതി രൂപീകരണം കൂടുതൽ സങ്കീർണ്ണമാക്കുന്നതിൽ അർത്ഥമില്ല.







പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതിനു ശേഷം മാത്രം പ്രോജക്ടുകൾക്ക് പരിശോധനാ ഉദ്യോഗസ്ഥന്റെ അംഗീകാരവും സാങ്കേതിക അനുമതിയും നേടിയാൽ മതിയാകുമെന്ന സർക്കാർ തീരുമാനം പദ്ധതി രൂപീകരണത്തിലെ കാലതാമസം ഒഴിവാക്കാൻ സഹായിച്ചിട്ടുണ്ട്. ഇതിന്റെ മറുവശവും കാണാതിരുന്നു കൂടാ. സാമ്പത്തിക വർഷാവസാനത്തിലും എതാനും പ്രോജക്ടുകളുടെ വെറ്റിങ്ങ് പൂർത്തിയാക്കാത്ത സ്ഥിതി ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാണുന്നുണ്ട്. അത് ഒട്ടും ആശാസ്യമല്ല. സീനിയർ ക്ലാർക്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ പ്ലാൻ കോ-ഓർഡിനേറ്റർ ആയി നിയമിക്കാമെന്ന വ്യവസ്ഥ മാറ്റിയിട്ടുണ്ട്. സെക്രട്ടറിമാർ തന്നെ പ്ലാൻ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിക്കണമെന്നാണ് നിലവിൽ സർക്കാർ നിർദേശിച്ചിട്ടുള്ളത്. പട്ടികജാതി- പട്ടികവർഗ ഫണ്ടിന്റെ '10 ശതമാനം യുവജനക്ഷേമത്തിനായി നീക്കിവയ്ക്കണമെന്ന വ്യവസ്ഥയും ഇപ്പോൾ എടുത്തു കളഞ്ഞിട്ടുണ്ട്. സബ്സിഡി മാർഗരേഖയിലെ അവ്യക്തതകളും ആശയക്കുഴപ്പങ്ങളും പരിഹരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾക്കു വേണ്ടി പ്രത്യേകം മാർഗരേഖ തയ്യാറാക്കിയത് ഈ ലക്ഷ്യത്തോടെയാണ്. ഈ മാറ്റങ്ങൾ പദ്ധതി തയ്യാറാക്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവസരം നൽകും.

സബ്സിഡി മാർഗരേഖയിൽ നിർദേശിച്ച പതിവ് പദ്ധതികൾക്ക് മാത്രമാണ് മുൻവർഷങ്ങളിൽ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിപ്പോന്നത്. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു ശേഷമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നൂതന പദ്ധതികൾക്ക് അംഗീകാരം ലഭിക്കുമായിരുന്നുള്ളൂ. വാർപ്പു മാതൃകകൾ പിൻപറ്റാതെ, ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരവും സാമൂഹ്യവുമായ സവിശേഷതകൾക്ക് ഇണങ്ങുന്ന, സർഗാത്മക സ്വഭാവമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ഇതിനാവശ്യമായ സ്ഥിതിവിവര പഠനങ്ങൾ ഓരോ പഞ്ചായത്തിലും നടക്കണം. മുകളിൽ നിന്ന് സ്വിച്ചിട്ടാൽ അതിനനുസരിച്ച് ചലിക്കുന്ന പാവകളായി പ്രാദേശിക സർക്കാരുകൾ മാറണമെന്ന് ഈ സർക്കാർ ആഗ്രഹിക്കുന്നില്ല. 'ഞങ്ങൾ ചിന്തിച്ചു കൊള്ളാം നിങ്ങൾ പ്രവർത്തിച്ചാൽ മതി 'എന്നതല്ല പ്രാദേശിക സർക്കാരുകളോടുള്ള ഈ സർക്കാരിന്റെ സമീപനം. കാലവും രീതികളും മാറുകയാണ്. ഈ മാറ്റത്തിന്റെ പന്ഥാവിൽ നിന്ന് മാറി നിൽക്കുന്നവർ പിൻതള്ളപ്പെടും. സാങ്കേതിക മികവും ആശയങ്ങളിലെ നൂതനത്വവുമാണ് ഈ കാലഘട്ടത്തിലെ വിജയത്തിന്റെ പ്രധാന ഉപാധികൾ. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. അതത് പ്രദേശങ്ങളിൽ ലഭ്യമായ വൈദഗ്ധ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സമാഹരിക്കാനും ഫലപ്രദമായി വിനിയോഗിക്കാനും കഴിയണം. ഗ്രാമപഞ്ചായത്ത് തലത്തിൽ ആസൂത്രണ സമിതികൾ രൂപീകരിച്ചത് ഈ ലക്ഷ്യത്തോടെയാണ്. ഈ സമിതികളുടെ പ്രവർത്തനം എത്രമാത്രം ഫലപ്രദമാണെന്ന് ഓരോ തദ്ദേശസ്വയംഭര

ണ സ്ഥാപനവും സ്വയം വിലയിരുത്തണം. കക്ഷിരാഷ്ട്രീയത്തിന്റെയോ ജാതി മത പരിഗണനകളുടെയോ അടിസ്ഥാനത്തിലല്ല വിദഗ്ധരെ കണ്ടെത്തേണ്ടത്. ഒരു പ്രത്യേക കക്ഷിയിൽ പെട്ടതുകൊണ്ടു മാത്രം ഒരാൾ വിദഗ്ധനാവുകയില്ല. ഓരോ സമിതി രൂപീകരിക്കുമ്പോഴും, അത് വർക്കിങ് ഗ്രൂപ്പാകട്ടെ, വാർഡ് വികസന സമിതിയാവട്ടെ, പഞ്ചായത്ത് ആസൂത്രണ സമിതിയോ മറ്റേതെങ്കിലും കമ്മിറ്റിയോ ആവട്ടെ, അതിന്റെ ലക്ഷ്യം എന്താവണമെന്ന ബോധ്യം ഭരണ സമിതികൾക്ക് ഉണ്ടാവണം. ഏറ്റവും അനുയോജ്യരായവരെ വേണം ചുമതലകൾ ഏൽപ്പിക്കാൻ. ജനകീയ പിന്തുണാ സംവിധാനങ്ങൾ നോക്കുകുത്തികളാവുന്നത് ജനകീയാസൂത്രണത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെ അട്ടിമറിക്കും. അതനുവദിച്ചുകൂടാ. ഒരു രാഷ്ട്രീയ കക്ഷിയിലോ സാമൂഹ്യ വിഭാഗത്തിലോ പെടുന്നത് പ്രത്യേക യോഗ്യതയോ അയോഗ്യതയോ ആയി പരിഗണിക്കരുത്. ഇതൊരു പുതിയ കാര്യമല്ല. മികച്ച നേട്ടങ്ങൾ കൊയ്ത് വാർത്തകളിൽ സ്ഥാനം പിടിച്ച പഞ്ചായത്തുകളുടെയും മികവ് തെളിയിച്ച മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിജയരഹസ്യം അന്വേഷിച്ചാൽ, ഇതേ സമീപനമാണ് അവർ പൊതുവിൽ സ്വീകരിക്കുന്നതെന്ന് കാണാൻ പ്രയാസമില്ല. സബ്സിഡി മാർഗരേഖ മുഖവുര മാത്രമാണ്. അതിനും അപ്പുറത്ത് ചിന്തിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് പോലുള്ള ക്രിയാത്മക ആശയങ്ങൾ ഉണ്ടായത്. വൃക്ഷങ്ങൾ നട്ട് കാർബൺ ക്രെഡിറ്റ് നേടുകയെന്ന മീനങ്ങാടിയുടെ ആശയം ഇനി വരുന്ന കാൽ നൂറ്റാണ്ടിനിടയിൽ രാജ്യം മുഴുവൻ വ്യാപകമാകാനിരിക്കുന്ന ഒന്നാണ്.

ശുചിത്വ, മാലിന്യ പരിപാലന രംഗങ്ങളിൽ ഇനിയും കൂടുതൽ ഇടപെടലുകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയുണ്ട്. നമുക്ക് കൈവരിക്കാൻ കഴിഞ്ഞ വലിയ മുന്നേറ്റം കണ്ടില്ലെന്ന് നടിക്കുകയല്ല. കേരളത്തിലെ മാലിന്യപ്രശ്നം അത്രകണ്ട് ഗൗരവമുള്ളതാണ്. ഇതിന് ശാശ്വത പരിഹാരം ഉണ്ടാവുന്നതു വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിശ്രമിക്കാനാവില്ല. ശുചിത്വ-മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഇഴഞ്ഞു നീങ്ങുന്ന സ്ഥലങ്ങളിൽ, യുദ്ധകാലാടിസ്ഥാനത്തിൽ ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ ഉണ്ടാവണം. വികസന ഫണ്ടിന്റെ ചെലവു മാത്രമാണ് പലപ്പോഴും കൃത്യമായി പരിശോധിക്കപ്പെടുന്നത്. മറ്റ് ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിലും അതേ ഊന്നൽ ഉണ്ടാവണം. ദേശീയ ശുചിത്വ കാമ്പെയിന്റെ ഭാഗമായി, കേരളത്തിലെ 152 ബ്ലോക്കുകളും 941 പഞ്ചായത്തുകളും വെളിയിട വിസർജനമുക്തമായി പ്രഖ്യാപിക്കാൻ കഴിഞ്ഞത്, നമുക്ക് അഭിമാനകരമാണ്. എന്നാൽ, പൊതു ശൗചാലയങ്ങളുടെ അഭാവം പൂർണ്ണമായി പരിഹരിക്കാൻ ഇപ്പോഴും നമുക്ക് കഴിഞ്ഞിട്ടില്ല. 3.14 ലക്ഷം വീടുകളിലും 30,000 - ഓളം സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2,000 ൽ അധികം സ്ഥലങ്ങളിൽ പൊതു അടിസ്ഥാനത്തിലും പത്തോളം ഇടങ്ങളിൽ കേന്ദ്രീകൃത രീതിയിലും മാലിന്യ സംസ്കരണം നടക്കുന്നുണ്ട്. 30 ലക്ഷത്തോളം കുടുംബങ്ങളിൽ കുഴിക്കമ്പോസ്റ്റ് സൗകര്യവും ഒരുക്കയിട്ടുണ്ട്. എന്നാൽ, കേരളത്തിൽ ഉണ്ടാവുന്ന ജൈവ മാലിന്യത്തിന്റെ പകുതിയോളം മാത്രമേ ഇപ്പോഴും ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നുള്ളൂ. ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 10 -20 ലക്ഷം രൂപ വരെ ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കിയത് എത്രയും പെട്ടെന്ന് വിനിയോഗിച്ചു തീർക്കണം. പ്രളയാനന്തര ദിനങ്ങളിൽ പ്രകടിപ്പിച്ച അതേ ശുഷ്കാന്തിയോടെ ശുചിത്വമിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തുടർന്നും പ്രവർത്തിച്ചാൽ, പരിഹാരമില്ലാത്തതെന്ന് പലരും കരുതുന്ന കേരളത്തിലെ മാലിന്യപ്രശ്നം നമുക്ക് പഴങ്കഥയാക്കാം. ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സബ്സിഡി 50 ശതമാനത്തിൽ നിന്ന് 90 ശതമാനമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾ കൂടുതൽ ആകർഷകമാക്കാൻ ഇത് സഹായിക്കും.



സംസ്ഥാനത്തെ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏതാനും എണ്ണമൊഴികെ എല്ലായിടത്തും ഹരിത കർമസേനകൾ രൂപീകരിച്ചിട്ടുണ്ട്. 27,000 ൽ അധികം അംഗങ്ങൾക്ക് ഇതിനുള്ള പരിശീലനവും നൽകി. എന്നാൽ, പകുതിയോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമേ ഹരിത കർമ സേനകൾ സജീവമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ളൂ. ഇവർ ശേഖരിക്കുന്ന അജൈവ മാലിന്യം താൽക്കാലികമായി സൂക്ഷിക്കുന്നതിനുള്ള കൂടുതൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ ഉണ്ടാവണം. അതിനുള്ള പ്രോജക്ടുകൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടു

ക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 425 എംസിഎഫുകൾ മാത്രമേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ. എം.സി.എഫുകളിൽ നിന്ന് തരംതിരിച്ച് എത്തിക്കുന്ന പ്ലാസ്റ്റിക് മാലിന്യം അടക്കമുള്ള പാഴ്വസ്തുക്കൾ ഷ്രഡിംഗ് നടത്തി പുന:ചംക്രമണ വ്യവസായങ്ങൾക്കോ ക്ലീൻ കേരള കമ്പനി വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡ് ടാറിംഗ് മുതലായ ആവശ്യങ്ങൾക്കോ കൈമാറുന്നതിന് 263 റിസോഴ്സ് റിക്കവറി സെൻററുകൾ തുടങ്ങാൻ ലക്ഷ്യമിട്ടതിൽ 132 എണ്ണം ഇതിനകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 89 സെന്ററുകൾ നിർമാണഘട്ടത്തിലാണ്. മാലിന്യ പരിപാലന പദ്ധതികളുടെ നിർവ്വഹണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ സാങ്കേതിക മികവും പ്രവർത്തന പരിചയവുമുള്ള രണ്ട് അക്രഡിറ്റഡ് ഏജൻസികളുടെയും 120 സേവനദാതാക്കളുടെയും 36 ഹരിത സഹായ സ്ഥാപനങ്ങളുടെയും സേവനം ലഭ്യമാണ്. ശുചിത്വമിഷൻ മുഖേന പാഴ്വസ്തു വ്യാപാരികൾക്ക് രജിസ്ട്രേഷൻ നൽകി സർക്കാർ ദൗത്യത്തിൽ പങ്കാളികളാക്കുന്നുണ്ട്. 2,350 ഓളം ആക്രി വ്യാപാരികൾ ഇത്തരത്തിൽ രജിസ്റ്റർ ചെയ്തു. ശാസ്ത്രീയ സമീപനവും സമചിത്തതയോടെയുള്ള ഇടപെടലുകളുമാണ് ഈ രംഗത്തു വേണ്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യാതൊരു പകരം സംവിധാനവും ഏർപ്പെടുത്താതെയാണ് വിളപ്പിൽ ശാലയിലെ മാലിന്യ സംസ്കരണ പ്ലാന്റ് അടച്ചു പൂട്ടിയത്. അതുപോലുള്ള തീരുമാനത്തിലൂടെ ജനങ്ങളെ കയ്യിലെടുക്കാൻ ശ്രമിക്കുന്നതിനു പകരം, വിദഗ്ധരുമായി കൂടിയാലോചിച്ച് മാലിന്യ സംസ്കരണത്തിന് പുതിയൊരു നയം ഉണ്ടാക്കുകയാണ് ഈ സർക്കാർ ചെയ്തത്. അത് ഫലപ്രദമായി നടപ്പിൽ വരുത്താൻ തുടങ്ങിയതിന്റെ ഫലമാണ്, ഈ രംഗത്ത് ഇപ്പോൾ കാണുന്ന പുരോഗതി. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഈ ദൗത്യത്തെ അതർഹിക്കുന്ന ഗൗരവത്തിൽ സമീപിക്കാൻ ജീവനക്കാരും ഓഫീസ് മേധാവികളും തയ്യാറാവണം. ജീവനക്കാർ മുഴുവൻ സമൂഹത്തിനും മാതൃകയാവണം എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ഈ സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ സംസ്ഥാനത്തെ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 35 ലക്ഷത്തിൽ താഴെ മാത്രമായിരുന്നു. നിലവിൽ 44,90,000ൽ അധികം പേർക്ക് വിവിധ ക്ഷേമ പെൻഷനുകളുടെ ഗുണം ലഭിക്കുന്നുണ്ട്. എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും ഏറ്റവും കുറഞ്ഞ തുക 1,100 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. 80 ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് നൽകുന്ന പെൻഷൻ 1,300 രൂപയാക്കി. കിടപ്പുരോഗികളും ഭിന്നശേഷിക്കാരും 85 വയസ് കഴിഞ്ഞവരും ഉൾപ്പെടെ 21 ലക്ഷത്തിലേറെ പേർക്ക് പെൻഷൻ തുക നേരിട്ട് വീട്ടിലെത്തിച്ചാണ് നൽകുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷേമപെൻഷനുകൾക്കായി പ്രതിവർഷം ശരാശരി 1964.73 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത്, 2018-19-ൽ 7533.72 കോടി രൂപയുടെ ചെലവാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

> **വരും വർഷത്തേക്കുള്ള മൊത്തം പദ്ധതി അടങ്കലിന്റെ 24.5 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ വിഹിതം 23.5 ശതമാനമായിരുന്നു.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടുള്ള സംസ്ഥാനത്തിന്റെ കരുതലും പരിഗണനയും ബഹു. ധനകാര്യ മന്ത്രി ശ്രീ തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രകടമാണ്. വരും വർഷത്തേക്കുള്ള മൊത്തം പദ്ധതി അടങ്കലിന്റെ 24.5 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ വിഹിതം 23.5 ശതമാനമായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഗ്രാന്റ് 7,000 കോടിയിൽ നിന്ന് 7,500 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. പ്രളയബാധിത പഞ്ചായത്തുകളിലെ പ്രത്യേക പ്രോജക്ടുകൾക്കു വേണ്ടി 250 കോടി നീക്കിവച്ചിട്ടുണ്ട്. 2,741 കോടി രൂപയുടെ മെയിന്റനൻസ് ഗ്രാൻറും 1,626 കോടിയുടെ ജനറൽ പർപ്പസ് ഗ്രാൻറും ചേർന്നാൽ 11,867 കോടി രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം വകയിരുത്തൽ. ഇതിൽ 6384 കോടി രൂപയും ഗ്രാമപഞ്ചായത്തുകൾക്കാണ്. ഇതിനു പുറമെ കേന്ദ്രവിഹിതമടക്കം ഗ്രാമവികസനത്തിനുള്ള 5,136 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന ചെലവഴിക്കും. ലൈഫ് മിഷൻ വഴി, കുറഞ്ഞത് 2500 കോടി രൂപ ചെവഴിക്കും. ശുചിത്വമിഷന് 260 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതെല്ലാം ചേർത്താൽ 2019-20 ൽ ഏകദേശം 21,000 കോടി രൂപ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കും. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഒരു വർഷം 10 കോടി തൊഴിൽ ദിനങ്ങളെന്ന റെക്കോർഡ് നേട്ടത്തിലേക്കാണ് കേരളം നീങ്ങുന്നത്. ജനസംഖ്യാനുപാതികമായി നോക്കിയാൽ, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാത്തതാണ് സ്വയം വെളിപ്പെടുത്തുന്ന ഈ കണക്കുകൾ. ഈ സർക്കാർ 1000 ദിവസം പൂർത്തിയാക്കുന്നതോടനുബന്ധിച്ച് 1000 പുതിയ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയാണ്. ഇതിന്റെ ഭാഗമായി, എല്ലാ ജില്ലയിലും പുതിയ വികസന പദ്ധതികൾ ഉണ്ടാവും. രാജ്യത്തെ നടുക്കിയ മഹാപ്രളയത്തെ നേരിട്ട അതേ കരുത്തോട നമുക്കൊരുമിച്ച് ഈ നാടിന്റെ വികസന ദൗത്യത്തെ മുന്നോട്ടു നയിക്കാം. ഈ വേദിയിൽ മികവിനുള്ള പുരസ്കാരങ്ങൾ ഏറ്റുവാങ്ങുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറെ അഭിനന്ദനങ്ങൾ.



മെയ് 6
ചട്ടമ്പിസ്വാമി
സമാധിദിനം

# കാലംകാത്ത കൽവിളക്ക്

**വിഭു പിരപ്പൻകോട്**

മഹാനായ ഋഷി ആണ് മഹർഷി. ബാഹ്യനേത്രങ്ങളാലല്ലാതെ അന്തർനേത്രങ്ങളെകൊണ്ടു കാണുന്നവനാണ് ഋഷി.

“യാ നിശാ സർവ ഭൂതാനാം
തസ്യാം ജാഗർതി സംയമി
യസ്യാം ജാഗർതി ഭൂതാനി
സ:നിശാ ചശ്യതോ മുനേ“.

ആരാണ് മഹർഷി എന്ന ചോദ്യത്തിന് അർജ്ജുനനോട് ശ്രീകൃഷ്ണൻ പറയുന്ന ഈ മറുപടി ഭഗവദ്ഗീതയിലെ സാംഖ്യായോഗത്തിൽ

69-ാം ശ്ലോകത്തിലേതാണ്. എല്ലാപേരും അജ്ഞരായിരിക്കുന്നതിൽ ശ്രദ്ധാലുവും എല്ലാപേരും തൽപരരായിരിക്കുന്നതിൽ അശ്രദ്ധയും താൽപര്യവുമില്ലാത്തവനും ആയ ഒരുവനാണ് സംയമി അഥവാ സന്യാസി എന്നാണ് ഈ ശ്ലോകത്തിന്റെ സാരം. 'ഋ' എന്ന അക്ഷരത്തിന് അഗ്നിപുരാണത്തിൽ ശബ്ദം എന്നാണർത്ഥം. ഇതിൽ നിന്നാണ് ഋഷി എന്ന പദമുണ്ടായത്. ഋഷീ മുഖങ്ങളിൽ നിന്നുമാണ് വേദശാസ്ത്രങ്ങൾ ഉണ്ടായത്. അക്ഷരത്തിനു കാരണനാണ് ഋഷി. ഋഷി ശബ്ദത്തിനെ പലരും നിർവചിച്ചിട്ടുണ്ടെങ്കിലും മറ്റാരും കാണാത്തത് കാണുന്നവനാണ് ഋഷി എന്ന ഗീതാവാക്യം ഏറ്റവും പ്രസക്തം തന്നെ. ഋഷി എന്നാൽ Research scholar ആണ് എന്ന് ശ്രീ. തായാട്ടു ശങ്കരൻ രേഖപ്പെടുത്തുന്നു. ഏതിലും പുതിയത് കണ്ടെത്തുന്നവൻ-അങ്ങനെയാണ് വാല്മീകിയും വ്യാസനും കണാദനും ചാർവാകനും വാത്സ്യായനനും മഹർഷീപദം നേടിയത് എന്ന് തായാട്ടു പറയുന്നു.

"ഊർധ്വരേ താസ്തപസ്യോഗ:
നിയതാശി ചസംയാമി
ശാപാനുഗ്രഹയോ ശക്ത:
സത്യസന്ധോ ഭവേദൃഷി:"

ഈ നിർവചനത്തിനർത്ഥം വിഷയവിരക്തൻ, യോഗി, യമനിയമങ്ങളിൽ നിയന്ത്രണമുള്ളവൻ, ശാപാനുഗ്രഹങ്ങൾക്ക് കഴിവുള്ളവൻ, സത്യനിഷ്ഠയുള്ളവൻ ഇങ്ങനെയുള്ളൊരാളാണ് ഋഷി എന്നാണ്. ഇതിൽ നിന്നും മനസ്സിലാകുന്നത് ഋഷി എന്നത് ബാഹ്യപ്രകൃതിയല്ല ആന്തരിക സത്യമാണെന്ന ഉദ്ഘോഷമാണ്. ശ്രീ. ശങ്കരാചാര്യർ പറഞ്ഞപോലെ വേഷം കെട്ടലല്ല സന്യാസം. ഉദരനിമിത്തമായ ബഹുകൃത വേഷങ്ങളുടെ കാലത്ത് ശാങ്കരദർശനത്തെപോലും ഖണ്ഡിക്കുവാൻ തക്ക ത്രാണിയോടെ മുട്ടോളമെത്തുന്ന കുറിമുണ്ടുടുത്ത് കിളികളോടും മൃഗങ്ങളോടും സംസാരിച്ചും 'എന്നെ നിങ്ങൾ കുരുവാക്കല്ലേ' എന്ന് പരിഹാസ വചസ്സുകളാൽ അഭ്യർത്ഥിച്ചും മലയാണ്മയുടെ മനസ്സുകളിൽ അവധൂതനായി അലഞ്ഞ് അഗ്നിയക്ഷരത്താൽ മഹായാഗം നടത്താൻ ഒരു മഹാസന്യാസി ഉണ്ടായിരുന്നു. അധ്യാത്മികതയുടെ ആലങ്കാരിക നാമം സ്വീകരിക്കാതെ സ്നേഹത്താൽ ലഭിച്ച മാറാപ്പേര് ഇഷ്ടത്തോടെ സ്വന്തം നാമമായി സ്വീകരിച്ച ഒരു യോഗി-ശ്രീ.ചട്ടമ്പി സ്വാമികൾ.

കൊല്ലവർഷം 1029 ചിങ്ങമാസം 11 (അഉ 1853 ഓഗസ്റ്റ് 25) ഭരണി നക്ഷത്രത്തിൽ തിരുവനന്തപുരം കണ്ണമ്മൂലയ്ക്കടുത്തുള്ള കൊല്ലൂർ ഗ്രാമത്തിലാണ് കുഞ്ഞൻ എന്ന അയ്യപ്പൻ ജനിച്ചത്. ഉള്ളൂർക്കോട് എന്ന ദരിദ്രമായ നായർ തറവാട്ടിലെ നങ്ങേമ ആയിരുന്നു അമ്മ. അച്ഛൻ മാവേലിക്കര താമരശ്ശേരി ഇല്ലത്തെ വാസുദേവൻ നമ്പൂതിരി. കൊല്ലൂർ ദേവീ ക്ഷേത്രത്തിലെ ശാന്തിക്കാരനായാണ് ഇദ്ദേഹം കണ്ണമ്മൂലയിൽ എത്തിയത്. അമ്മ തൊട്ടടുത്ത ബ്രാഹ്മണഭവനമായ കൊല്ലൂർ മന അഥവാ അണിയറ മനയിലെ അടിച്ചുതളിക്കാരിയായിരുന്നു. ഒപ്പം ക്ഷേത്രത്തിലെ കഴകപ്പണിയും ചെയ്തുപോന്നു. ശ്രീപത്മനാഭസ്വാമി ക്ഷേ



**അക്ഷരത്തിനു കാരണനാണ് ഋഷി. ഋഷി ശബ്ദത്തിനെ പലരും നിർവചിച്ചിട്ടുണ്ടെങ്കിലും മറ്റാരും കാണാത്തത് കാണുന്നവനാണ് ഋഷി എന്ന ഗീതാവാക്യം ഏറ്റവും പ്രസക്തം തന്നെ.**

ത്രത്തിലെ ഭരണാധികാരമുള്ള എട്ടരയോഗക്കാരായ പോറ്റിമാരുടെ മഠമായിരുന്നു കൊല്ലൂർ മഠം. ഈ മന ചട്ടമ്പിസ്വാമിയുടെ ജീവിതത്തിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. കുഞ്ഞന്റെ ബാല്യം കയ്പുറഞ്ഞതായിരുന്നു. വളരെ ദരിദ്രമായ കുടുംബസ്ഥിതി മാത്രമല്ല തന്റെ അച്ഛനെ ഒന്നു തൊടാൻ പോലുമാകാത്ത സാമൂഹ്യസ്ഥിതിയും ഈ കയ്പിനെ വർധിപ്പിച്ചു. അന്ന നിഷേധവും അവകാശ നിഷേധവും എന്തുകൊണ്ടു തനിക്കുണ്ടായി എന്ന കുഞ്ഞന്റെ ചിന്തയിൽ നിന്നുമാണ് പിന്നീട് ചിതപോലെയാളിയ മഹാജ്ഞാനാഗ്നി നേടി ചട്ടമ്പി സ്വാമി പിറന്നത്.

പ്രപഞ്ചം മാതാവാണെങ്കിൽ അതിലെല്ലാ മക്കൾക്കും തുല്യ അവകാശമുണ്ട്. വെളിച്ചവും വെള്ളവും വായുവും എല്ലാർക്കും ഒരു പോലെ അവകാശപ്പെട്ടതാണെങ്കിൽ അറിവും അക്ഷരവും എല്ലാപേർക്കും ഒരു പോലെ അവകാശപ്പെട്ടതാണെന്ന് കുഞ്ഞൻ കുട്ടിയായിരുന്നപ്പോഴേ ഉരുക്കഴിച്ചുറപ്പിച്ചു. ആദിയുമനാദിയുമായ അറിവിന്റെ കേദാരങ്ങളായ വേദങ്ങൾ എല്ലാർക്കും ഒന്നുപോലെ അവകാശപ്പെട്ടതാണെന്ന മഹാവെളിച്ചം തൂകിയ ഗ്രന്ഥം അങ്ങനെയാണ് ലോകത്തിനു ലഭിച്ചത്-വേദാധികാര നിരൂപണം. വേദങ്ങൾ മനുഷ്യസൃഷ്ടങ്ങളല്ല എന്ന അന്ധവിശ്വാസത്തെ ചട്ടമ്പിസ്വാമികൾ വാദങ്ങളിലൂടെ നിരാകരിച്ചു. പരശുരാമകൃതമാണ് കേരളമെന്ന പഴകഥയും പ്രാചീന മലയാളം എന്ന ഗ്രന്ഥ രചനയിലൂടെ പൊളിച്ചെഴുതി. വേദാധികാര നിരൂപണം അതുവരെ നിലനിന്ന ബ്രാഹ്മണിക ചിന്തകളെ കടപുഴക്കി. ആധുനികർപോലും ഇതിന്റെ ആശയാഗ്നിതെളിച്ചം കണ്ട് അന്ധാളിപ്പോടെ ചോദിക്കാറുണ്ട്... ഈ അക്ഷരാഗ്നിയിൽ ഇതിന്റെ താളുകൾ ഭസ്മമായില്ലേ എന്ന്.

കുഞ്ഞൻപിള്ളയുടെ വിദ്യായാത്ര ഒട്ടും സുഗമമായിരുന്നില്ല പക്ഷെ അതൊരു അതിരെടുത്തൊഴുകുന്ന നദീ പ്രവാഹമായിരുന്നു. മരുന്നും കുളിരും ശിലയും കയവും കടന്നൊഴുകുന്ന വാഹിനീ പുണ്യമായ അനാദ്യന്തയാനം... ഇതിലെ ആദ്യ കണിക പിതാവായ വാസുദേവൻ നമ്പൂതിരി തന്നെ നൽകി. അക്കാലത്ത് കൊല്ലൂർ മനയിൽ നമ്പൂതിരി കുട്ടികളെ സംസ്കൃതം പഠിപ്പിക്കാൻ ഒരു ശാസ്ത്രികൾ വന്നിരുന്നു. മനയിലെ പുറംപണിക്കാരനായ കുഞ്ഞൻ അകത്തെ പഠനം ശ്രദ്ധിച്ചിരുന്നു. പലതും മറഞ്ഞുനിന്ന് മന;പാഠമാക്കി. ഒരു ദിവസം ശാസ്ത്രികൾ കുട്ടികളോട് തലേ ദിവസത്തെ പാഠഭാഗത്തിൽ നിന്നും ചോദ്യങ്ങൾ ചോദിച്ചപ്പോൾ ആരും ശരിയുത്തരം നൽകിയില്ല അപ്പോഴാണ് മതിലിനപ്പുറത്തുനിന്നും ശരിയുത്തരം കേട്ടത്. അതിൽ സംതൃപ്തനായ ഗുരു കുഞ്ഞനെ അകത്തേക്കു വിളിച്ച് നമ്പൂതിരി കുട്ടികൾക്കൊപ്പമിരുത്തി പാഠങ്ങൾ പഠിപ്പിച്ചു. വിദ്യാലയത്തിലെ പാഠ...

> **ആധ്യാത്മികതയുടെ അപാരസാഗരപ്പരപ്പിനപ്പുറം അനായാസ ലാളിത്യത്തോടെ ഒരു അവധൂതൻ നടന്നുപോയ മഹാചരിത്രമാണ് ചട്ടമ്പി സ്വാമിയുടേത്. ജീവിതത്തിനപ്പുറം നടന്നുപോകാനായ മറ്റൊരു മഹാപ്രതിഭ...**

എല്ലാർക്കും ഒന്നുപോലെ അവകാശപ്പെട്ടതാണെന്ന ഗുരുനാഥന്റെ വിശ്വാസത്തെ മനക്കാർ അംഗീകരിച്ചില്ല. അബ്രാഹ്മണനായ ദരിദ്രബാലനെ ദേവഭാഷയുടെ ലോകത്തേക്ക് സഹർഷം പ്രവേശിപ്പിച്ച ശാസ്ത്രികൾ മനയിൽ നിന്നും പുറത്തായി. ഈ സംഭവം കുഞ്ഞന്റെ ചിന്തകളിൽ കടലിരമ്പം തീർത്തു. അവിടെ നിന്നാണ് വിദ്യതേടിയ യാത്ര ആരംഭിച്ചത്.... അത് ആദ്യമെത്തിയത് കണ്ണമ്മൂലയിൽ നിന്നും രണ്ടു മൈൽ മാത്രമകലെയുള്ള പേട്ടയിൽ ആണ്. അവിടെ യുവാവും മഹാപണ്ഡിതനും സർക്കാർ ഉദ്യോഗസ്ഥനും സംഘാടകനും ആയ പേട്ടയിൽ രാമൻ പിള്ള ആശാൻ ഒരു പള്ളിക്കൂടം നടത്തിയിരുന്നു. പേട്ടയിൽ രാമൻപിള്ള ആശാൻ മലയാളി മാസികയുടെ പത്രാധിപർ, ജ്ഞാനപ്രജാഗരം വിദ്വൽസദസ്സിന്റെ നടത്തിപ്പുകാരൻ, ഹരിശ്ചന്ദ്ര ചരിതം ആട്ടക്കഥയുടെ കർത്താവ് എന്നീ നിലകളിലും മലയാള സാംസ്കാരിക ചരിത്രത്തിൽ ഇടം നേടിയ പേരാണ്. ആശാനും ശിഷ്യനും തമ്മിൽ 10 വയസ്സിന്റെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. തന്റെ വിദ്യാലയത്തിലെ മറ്റു വിദ്യാർത്ഥികളേക്കാൾ മുതിർന്നവനായതുകൊണ്ട് സഹപാഠികളെ നിയന്ത്രിക്കാനും ക്ലാസ് നടത്തിപ്പിന്റെ സഹായത്തിനുമായി ആശാൻ കുഞ്ഞനെ ചുമതലപ്പെടുത്തി. പാഠശാലയിലെ ചട്ടത്തെ (നിയമത്തെ) അമ്പുന്നവൻ നടപ്പിലാക്കുന്നവൻ) എന്ന അർത്ഥത്തിൽ ആശാൻ കുഞ്ഞൻപിള്ളയെ കുഞ്ഞൻപിള്ള ചട്ടമ്പി എന്ന് ഏറെ വാത്സല്യത്തോടെ വിളിച്ചു. ഈ മാറാനാമം പിന്നീട് മലയാൺമ കടന്ന മഹാനാമമായി-ചട്ടമ്പിസ്വാമികൾ.

കണ്ണമ്മൂലയിലെ ഒരു ദരിദ്രശൂദ്രനായി ജനിച്ചവൻ സർവവിദ്യയിലും കലകളിലും പ്രാവീണ്യം നേടി വിദ്യാധിരാജൻ എന്ന മഹാഭിധാനത്തിന് കാരണമായി മാറിയ ചരിത്രം ഏതൊരു വിജ്ഞാനദാഹിക്കും മാതൃകയാണ്. കൊല്ലൂർ മനയിലെ ബ്രാഹ്മണ്യം നിഷേധിച്ച വിദ്യ അപാരമായ ജ്ഞാനാന്വേഷണത്തിലൂടെ നേടിയ ചട്ടമ്പിസ്വാമികൾക്കു മുന്നിൽ കൂപക്കര മഠത്തിലെ കാരണവരായ മൂത്തനമ്പൂതിരി തന്റെ അപൂർവഗ്രന്ഥങ്ങളുടെ പുരവാതിൽ തുറന്നിട്ടു. അപൂർവവും മഹത്തുമായ ജ്ഞാനം കണ്ടറിഞ്ഞ് ആദരവോടെ വിളിച്ചു-വിദ്യാധിരാജൻ... ബ്രാഹ്മണ്യം ശൂദ്രത്വത്തിനുമുന്നിൽ നമസ്കരിച്ചു. അറിവിന്റെ ആര്യദ്രാവിഡപ്പെരുമകളാർദ്രമായൊന്നായൊഴുകി... സ്വാമികളുടെ ജീവചരിത്രകാരൻമാർ ഇദ്ദേഹത്തിനു വിവിധ വിഷയങ്ങളിൽ അതിൽ വേദാന്തം മുതൽ ഗുസ്തി വരെയും ആധാരമെഴുത്തു മുതൽ മൃഗഭാഷവരെയും ഉൾപ്പെടും) അറിവു പകർന്ന 20 ഓളം ഗുരുനാഥൻമാർ ഉണ്ടെന്ന് രേഖപ്പെടുത്തുന്നു. ആദ്യഗുരുനാഥനായ പിതാവുമുതൽ അവർണനായ ആത്മാനന്ദ സ്വാമി എന്ന കുമാരവേലുവരെ. ഇസ്ലാംമതപണ്ഡിതനായ തങ്ങളിൽ നിന്നും അറബും ഇസ്ലാംദർശനവും പഠിച്ച അതേ തീവ്രാഭിലാഷത്തോടെ മണക്കാട് താമസിച്ചിരുന്ന ഗോസായിയിൽ നിന്ന് ഗുസ്തിയും പഠിച്ചു.

വീട്ടിലെ പട്ടിണി മാറ്റാൻ 13-ാം വയസിൽ കൂലിപ്പണിക്കാരനായി. 1866 ലാണ് സെക്രട്ടറിയേറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അന്ന് ചെങ്കൽ ചൂളയിൽ നിന്നും ഇഷ്ടിക ചുമന്നാണ് പണി സ്ഥലത്തു കൊണ്ടുപോയത്. അപ്പണിക്കാരുടെ കൂടെ ഈ 13 കാരൻ ഉണ്ടായിരുന്നു. പിന്നീട് സർ.ടി.മാധവരായർ സെക്രട്ടറിയേറ്റിൽ ഉദ്യോഗ

സ്ഥൻമാരെ നിയമിക്കാൻ നടത്തിയ മത്സരപ്പരീക്ഷയിലും ആദ്യ റാങ്കുകാരൻ ആയത് കുഞ്ഞൻപിള്ള തന്നെ. 10 രൂപ ശമ്പളത്തിൽ അക്കൗണ്ടന്റായി നിയമനവും കിട്ടി. എന്നാൽ വിക്രമൻ തമ്പി എന്ന തഹസിൽദാരുടെ ധാർഷ്ട്യത്തിനു മുന്നിൽ കുനിയാൻ തയ്യാറാകാതെ ആ ഉദ്യോഗം വലിച്ചെറിഞ്ഞു. ആധാരമെഴുത്തുകാരനായി നെയ്യാറ്റിൻകരയിൽ കുറച്ചുകാലവും ജോലി നോക്കിയിരുന്നു.

കേരളീയ നവോത്ഥാനത്തിന്റെ ആദ്യ പേരുകാർ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും എന്നത് സുവിദിതമാണ്. ഇവർക്കു മുൻപും ശേഷവും ഒട്ടേറെ മഹാമനീഷികൾ ഉണ്ടെങ്കിലും 'നാണനും കുഞ്ഞൻ പിളളയും' എന്നും ആദ്യപേരുകാർ തന്നെ. 1883 ൽ ചെമ്പഴന്തിയ്ക്കടുത്തുള്ള അണിയൂർ ക്ഷേത്രത്തിന്റെ ഗോപുര വാതിൽക്കൽ വച്ച് കണ്ടുമുട്ടിയ നാൾ മുതൽ മരണം രണ്ടിലൊരാളെ കൊണ്ടുപോയതുവരെ ശ്രീനാരായണഗുരുവും ചട്ടമ്പി സ്വാമികളും തമ്മിൽ ഉണ്ടായിരുന്നത് വെറും സൗഹൃദമല്ല; കൊണ്ടു കൊടുക്കലിന്റെ സൗഭ്രാത്രമായിരുന്നു. ആര് ഏറെ നൽകി, എന്തു നൽകി എന്ന അളവെടുക്കൽ ആ ആത്മബന്ധത്തിന്റെ സൗരഭ്യം നഷ്ടമാകുകയേ ഉള്ളൂ. 1892 ൽ ആണ് നരേന്ദ്രനെ (പിന്നീടാണ് വിവേകാനന്ദൻ ആയത്) കണ്ടുമുട്ടിയത്. എറണാകുളത്ത് വച്ചുള്ള ആ ജ്ഞാന സംയോഗത്തിലാണ് ചിന്മുദ്രയെ സംബന്ധിച്ചുള്ള അറിവ് അദ്ദേഹത്തിന് ചട്ടമ്പിസ്വാമികൾ പകർന്നത്. പിന്നൊരിക്കൽ ഒരു സൗഹൃദസദസ്സിൽ നരേന്ദ്രൻ പറഞ്ഞു I met a wonderful man in Kerala. ഇതേ സന്ദർശനത്തിൽ തന്നെയാണ് കേരളത്തെ ഭ്രാന്താലയം എന്ന് ഇകഴ്ത്തിയതും. ലോക മനസ്സ് കീഴടക്കിയ വിവേകാനന്ദന്റെ ജ്ഞാനമനസ്സിനെ കീഴടക്കിയ മഹാജ്ഞാനിയായി ചട്ടമ്പി സ്വാമി.



ജീവിതത്തിന്റെ അവസാനകാലവും അന്ത്യമായ നിദ്രയ്ക്കും ഇടമായത് കൊല്ലം ജില്ലയിലെ പൻമന എന്ന പ്രകൃതി മനോഹരിയായ ഗ്രാമം ആയിരുന്നു. സ്വാതന്ത്ര്യസമര സേനാനിയായ കുമ്പളത്തു ശങ്കുപിളളയുടെ തറവാട്ടിൽ എത്തിയ ചട്ടമ്പി സ്വാമികൾ ഇവിടമാണിനി തന്റെ ഇടമെന്നു തീരുമാനിക്കുകയായിരുന്നു. നിരന്തര യാത്രകൾക്കൊടുവിൽ അദ്ദേഹം ശിഷ്യഗണങ്ങളോട് യാത്രാമൊഴിയോതിയാണ് പൻമനയിലേക്കു തിരിച്ചത്. 1924 മേയ് 5 ന് പന്മനയിലെ പ്രസിദ്ധമായ സി.പി.പി വായനശാലയിൽ വച്ച് സ്വാമികൾ സമാധിയായി. അദ്ദേഹത്തിന്റെ ആഗ്രഹംപോലെ പന്മനക്കാവിൽ മഹാനിദ്രയ്ക്കിടമൊരുക്കി. മഹാത്മാഗാന്ധിപോലും ധ്യാനത്തിനായി തെരഞ്ഞെടുത്ത ഇടമായി ഇന്ന് പൻമന ആശ്രമവും സമാധി സ്ഥലവും മാറിയിരിക്കുന്നു. ആധ്യാത്മികതയുടെ അപാരസാഗരപ്പരപ്പിനപ്പുറം അനായാസ ലാളിത്യത്തോടെ ഒരു അവധൂതൻ നടന്നുപോയ മഹാചരിത്രമാണ് ചട്ടമ്പി സ്വാമിയുടേത്. ജീവിതത്തിനപ്പുറം നടന്നുപോകാനായ മറ്റൊരു മഹാപ്രതിഭ... ഒരു മേയ് മാസത്തിന്റെ ചിറകുകളിൽ അകലുകയല്ല... അപരിചിതമായ ആർഷശുദ്ധിയോടെ അനാദികാലത്തിനായി ജീവിക്കുകയാണ്. കാലം തന്നെ കൈകുടന്നയിൽ കാത്ത വിളക്കായി.●



# വരുന്നുണ്ട് മഴ

## കരുതാം കരുതലോടെ

ഡോ. വി. സുഭാഷ് ചന്ദ്രബോസ്

വീണ്ടും വരവായി മഴക്കാലം. ആണ്ടുതോറും എത്താറുള്ള, മലയാളിയുടെ കുടിനീർ ഉൾപ്പെടെയുള്ള വിവിധാവശ്യങ്ങൾക്കുള്ള ഏറ്റവും വലിയ ജലസ്രോതസ്സായ മഴ വീണ്ടും സമാഗതമാവുകയാണ്. മഴയുടെ സ്വന്തം ദേശം കൂടിയായ കേരളത്തിൽ ശരാശരി മൂവായിരം മില്ലിമീറ്റർ മഴ ഓരോവർഷവും നമുക്കു ലഭിക്കുന്നു. പെയ്ത്തു മഴയുടെ എഴുപതു ശതമാനവും ജൂൺ മുതൽ ഒക്ടോബർ വരെയുള്ള കാലവർഷത്തിലാണ് കിട്ടുന്നത്. ഇരുപതു ശതമാനം ഒക്ടോബർ മുതൽ ജനുവരി വരെ നീളുന്ന തുലാവർഷ മഴയായും ബാക്കിയുള്ള പത്തു ശതമാനം വേനൽ മഴയുമായിട്ടാണ് വന്നെത്തുന്നത്. മൺസൂണിന്റെ കവാടമായ കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ രണ്ടിരട്ടി വാർഷിക മഴയാണ് ലഭിക്കുന്നത്. ആയിരം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു പുരപ്പുറത്ത് മൂന്നു ലക്ഷം മുതൽ അഞ്ചു ലക്ഷം ലിറ്റർ വരെ മഴ

വെള്ളമാണ് പെയ്ത് വീഴുന്നത്. ഇങ്ങനെ, ഒരു ഹെക്ടർ ഭൂമിയിൽ ഒരു കോടി ഇരുപതു ലക്ഷം ലിറ്റർ മഴ പെയ്യുന്ന നാട്ടിലാണ് വരൾച്ചയും ജലക്ഷാമവും എന്നതാണ് അതിശയകരം.

### മഴയാണ് സ്രോതസ്സ്

ജലചക്രമെന്ന പ്രതിഭാസത്തിന്റെ ഭാഗമായി കടലിലെ വെള്ളം സൂര്യതാപമേറ്റ് ചൂടുള്ള നീരാവിയായി മുകളിലേക്കുയർന്ന് കാറ്റിന്റെ സഹായത്താൽ സഞ്ചരിക്കുന്നുണ്ട്. തിരശ്ചീന ദിശയിൽ സഞ്ചരിക്കുന്ന നീരാവി പശ്ചിമഘട്ട മലനിരകളിൽ തടയപ്പെട്ട് ലംബ ദിശയിൽ മുകളിലേക്ക് പോകും. നീരാവി ഉയരങ്ങളിലേക്കു പോകുന്നതിനനുസരിച്ച് ചൂട് കുറഞ്ഞ് തണുക്കുവാനും മേഘങ്ങളാൽ തടയപ്പെട്ട് വീണ്ടും മഴയായും മഞ്ഞായും ഭൂമിയിലെത്തുകയും ചെയ്യുന്നു. നല്ലൊരു ഭാഗം ജലം മണ്ണിലും ജലസ്രോതസ്സുകളിലും ഉൾക്കൊള്ളും. അധിക ജലം വീണ്ടും കടലുകളിലേക്ക് പോകുയും ചെയ്യും. വെള്ളത്തിന്റെ സഞ്ചാര പഥത്തിൽ വന്നുപോകുന്ന മഴയാണ് ഭൂമിയിലെ ഉപരിതല ഭൂജല സമ്പത്തുകളുടെ പ്രഥമവും പ്രധാനവുമായ ജലസ്രോതസ്സ്. വർഷമേഘങ്ങൾ തന്നുടലുടഞ്ഞ് ഭൂമിതൻ ദാഹമകറ്റാൻ പ്രകൃതിയുടെ സുകൃതമായി മഴയെന്നും വരാറുണ്ട്.

### മഴയുടെ നാട്ടിൽ വരൾച്ചാ ജലക്ഷാമം

ലോകത്തിലേറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലുൾപ്പെടുന്ന കേരളത്തിലും മഴ പലപ്പോഴും വില്ലന്റെ റോളിലേക്ക് മാറാറുണ്ട്. വർഷത്തിൽ 110 മുതൽ 120 ദിവസം വരെ മാത്രമേ കേരളത്തിൽ ശരിയായ മഴ ലഭിക്കുന്നുള്ളൂ. പെയ്യുന്ന ദിവസങ്ങളിൽ ശക്തമായ മഴ, കുറഞ്ഞ മണിക്കൂറിനുള്ളിൽ വരികയാണ് ചെയ്യുന്നത്. മഴത്തുള്ളിയുടെ കനവും താരതമ്യേന വലുതാണ്.തുടർച്ചയായി മഴപെയ്യുന്നുവെന്നു കണക്കാക്കിയാൽ ഏകദേശം 50 മണിക്കൂറിനു താഴെ സമയം കൊണ്ടാണ് ഇത്രയധികം മഴ വീഴുന്നത്. പശ്ചിമഘട്ട മലനിരകളിൽ നിന്ന് അറബിക്കടലിന്റെ ഭാഗത്തേക്ക് ചരിഞ്ഞുകിടക്കുന്ന ഭൂപ്രദേശമാണ് കേരളം. പെയ്ത്തു വെള്ളത്തിന്റെ 70 ശതമാനവും 48 മണിക്കൂറിനുള്ളിൽ കടലിലേക്ക് പോകുന്ന നിമ്നോന്നത ഭൂപ്രകൃതിയാണ് നമുക്കുള്ളത്. ഭൂഗർഭ ജലശേഷിയാവട്ടെ ഭൂമിക്കടിയിൽ ശരാശരി 3 മീറ്റർ സ്ഥലം. ധാരാളം മഴവെള്ളം ഒരുമിച്ചു വന്നാൽ ഭൂഗർഭത്തിലും കരുതാനാവില്ല.

1970 കൾക്കുശേഷം ബഹുവിള കൃഷി രീതികൾ കളമൊഴിഞ്ഞു. ഭൂവിനിയോഗ രീതികളിൽ ഗൗരവമായ മാറ്റമുണ്ടായി. ബഹു വിളകളും മിശ്രിത കൃഷിരീതികളും, നാണ്യ വിളകൾക്കും ഏകവിളകൾക്കുമായി വഴിമാറുകയുണ്ടായി. വികസനാവശ്യങ്ങൾക്കുൾപ്പെടെ വ്യാപകമായി കാടുകളും വയലുകളും ഇല്ലാതാക്കിയതും നാം കാണാതിരുന്നുകൂടാ. ഒരു ഹെക്ടർ വനസദൃശമായ ആവാസവ്യവസ്ഥ 30,000 ഘനകിലോ മീറ്ററും ഒരു ഹെക്ടർ വയൽ മൂന്നു ലക്ഷം ലിറ്ററും മഴയെ ഉൾക്കൊള്ളും. മലകൾ വലിയ മഴവെള്ള സംഭരണികളും ജലകുംഭങ്ങളുമാണ്. തണ്ണീർത്തടങ്ങൾ ധാരാളം മഴയെ ഉൾക്കൊള്ളുന്ന പ്രദേശങ്ങളാണ്. പ്രകൃതിദത്ത ജലസ്രോതസ്സുകളായ നദികളും കുളങ്ങളും തോടുകളുമെല്ലാം വിവിധ രൂപത്തിൽ നശിക്കുകയും മലിനമാകുകയും ചെയ്യുമ്പോൾ ഇല്ലാതാകുന്നത് വിവിധാവശ്യങ്ങൾക്കുള്ള ജലം കൂടിയാണ്. സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനുൾപ്പെടെ വർദ്ധിച്ച തോതിൽ വയലുകൾ നികത്തുകയും കുന്നുകൾ നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല നിർമ്മാണ രീതികളിലാവട്ടെ സിമന്റും ടാറുമെല്ലാം ഉപയോഗിക്കുമ്പോൾ ഭൂഗർഭത്തിലേക്ക് സ്വാഭാവികമായി പോകുന്ന മഴയുടെ അളവിലും കുറവുണ്ടാകുന്നുണ്ട്.

മഴക്കാലങ്ങളിൽ വെള്ളപ്പൊക്കം, പ്രളയം. മഴയൊന്നു മാറിയാൽ വരൾച്ച, ജലക്ഷാമമെന്നതാവുന്നു നമ്മുടെ അവസ്ഥ. മഴക്കാലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ, വേനലിൽ ടാങ്കർലോറി വെള്ളം എന്നതാണ് ജലസമവാക്യം. മഴയുടെയും പ്രകൃതി വിഭവങ്ങളുടെയും നാട്ടിൽ പെയ്തൊഴിയുന്ന ഓരോ തുള്ളി മഴയും നമ്മുടെ സമ്പത്താണ്. നാടിന്റെയും നാട്ടാരുടെയും ഇന്നിന്റെയും നാളെകളുടെയും ജലസ്രോതസ്സിന്റെ അടിസ്ഥാനവും കൂടിയാണവ.

**മഴക്കാലങ്ങളിൽ വെള്ളപ്പൊക്കം, പ്രളയം. മഴയൊന്നു മാറിയാൽ വരൾച്ച, ജലക്ഷാമമെന്നതാവുന്നു നമ്മുടെ അവസ്ഥ. മഴക്കാലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ, വേനലിൽ ടാങ്കർലോറി വെള്ളം എന്നതാണ് ജലസമവാക്യം. മഴയുടെയും പ്രകൃതി വിഭവങ്ങളുടെയും നാട്ടിൽ പെയ്തൊഴിയുന്ന ഓരോ തുള്ളി മഴയും നമ്മുടെ സമ്പത്താണ്.**

### കരുതുക കരുതലോടെ ഓരോ തുള്ളിയും

മഴക്കാലങ്ങളിലാണ് കഴിഞ്ഞുപോയ വേനലുകളുടെ വറുതികളെയും വരാനിരിക്കുന്ന ചൂടിന്റെ കാഠിന്യത്തെയും കുറിച്ച് കൂടുതലായി ചിന്തിക്കേണ്ടത്. മഴക്കാലമാണ് ജലത്തിന്റെ സമ്പന്നകാലം. മഴക്കാലങ്ങളിൽ ലഭിക്കുന്ന മഴവെള്ളത്തെ പരമാവധി വിവിധ രൂപത്തിൽ സംഭരിക്കുവാനും സംരക്ഷിക്കുവാനുമുള്ള പ്രവർത്തനങ്ങൾ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതും അത്യാവശ്യമാണ്.

### വീഴുന്നിടത്ത് താഴട്ടെ മഴ

അതാതിടങ്ങളിൽ കഴിയുന്നത്ര

തൽസ്ഥലജല പരിപാലനം എന്നതാണ് ജലസംരക്ഷണത്തിന്റെ അടിസ്ഥാന തത്വം. 'ഓടുന്ന മഴവെള്ളത്തെ നടത്തുവാനും നടക്കുന്നവയെ നിറുത്തുവാനും നിൽക്കുന്നവയെ ഇരുത്തുവാനും ഇരിക്കുന്നവയെ കിടത്തുവാനും കിടക്കുന്നവയെ പരമാവധി ഉറക്കുവാനുമുള്ള സാഹചര്യങ്ങളാണ് രൂപപ്പെടുത്തേണ്ടത്. മണ്ണാണ് ഏറ്റവും വലിയ ജലസംഭരണി. പരമാവധി മഴവെള്ളത്തെ വീഴുന്നിടത്തുതന്നെ താഴാൻ അനുവദിക്കേണ്ടതാണ്.

പറമ്പുകളിലും പുരയിടങ്ങളിലും വിവിധങ്ങളായ മണ്ണ്, ജല, ജൈവ സംരക്ഷണ രിതികൾ സജ്ജമാക്കണം. ഒരു മീറ്റർ നീളവും വീതിയും ആഴവുമുള്ള കുഴികൾ തയാറാക്കാവുന്നതാണ്. തീരപ്രദേശങ്ങളും ചരിവുകൂടിയ പ്രദേശങ്ങളും ഒഴിവാക്കണം. കുഴിച്ചു പോകുമ്പോൾ വെള്ളം മണ്ണിലേക്ക് കൂടുതലായി താഴേക്ക് പോകാത്ത ചെളിമണ്ണ്, കളിമണ്ണ് എന്നിവയുള്ളയിടങ്ങളിലും പ്രയോജനകരമല്ല. ഓരോയിടത്തും പരമാവധി ഒരു മീറ്റർ വിസ്തൃതിയിൽ ഒരു കുഴിയെടുത്തിടുക. കുഴിയിൽ നിറയുന്ന മഴവെള്ളം രണ്ടു മൂന്നു ദിവസത്തിനുള്ളിൽ മണ്ണിൽ താഴുകയാണെങ്കിൽ അത്തരം പ്രദേശങ്ങളിൽ ഉയർന്ന ഭാഗങ്ങളിൽ നിന്ന് താഴേക്ക് എന്ന ക്രമത്തിൽ ഇടവിട്ട് നിരകളായി കുഴികൾ നിർമ്മിക്കാവുന്നതാണ്.



വിവിധ മണ്ണ്, ജല സംരക്ഷണ രീതികളായ മൺകയ്യാലകൾ, കല്ലുകയ്യാലകൾ, ട്രഞ്ചുകൾ, വരമ്പുകൾ എന്നിവയും പ്രയോജനകരമാണ് ചെറുതോടുകളിൽ തടയണകൾ നിർമ്മിക്കാവുന്നതാണ്. പാഴ്ത്തടികൾ, കല്ലുകൾ, മുളകൾ, കൈത തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ പരമാവധി തയ്യാറാക്കണം. പറമ്പുകളിൽ ജലാഗിരണശേഷി വർദ്ധിപ്പിക്കുവാനായി മുള, രാമച്ചം എന്നിവ നട്ടുപിടിപ്പിക്കണം. മഴക്കാലം കഴിയുമ്പോൾ പുതയിടുവാനായി ഉപയോഗിക്കുവാനുള്ള ശീമക്കൊന്ന, ചെമ്പരത്തി മറ്റ് ഇലച്ചെടികൾ എന്നിവ വ്യാപകമായി അതിരുകളിലും പറമ്പുകളിലും വിവിധ വിളകൾക്കിടയിലും നടേണ്ടതാണ്. മഴ മാറുന്ന മുറയ്ക്ക് ഇത്തരം ചെടികളുടെയും സസ്യങ്ങളുടെയും ഇലകളും ചില്ലകളും അഴുകുന്ന മറ്റ് വസ്തുക്കളും ഉൾപ്പെടെ ചേർത്ത് പുതയിടാവുന്നതാണ്. പുതയിടുവാനുള്ള വസ്തുക്കൾ നടേണ്ടത് മഴക്കാലങ്ങളിലാണ്.

## കിണറുകൾ നിറച്ചോളൂ

കേരളത്തിൽ എകദേശം ഒരു കോടിയിലിധികം കെട്ടിടങ്ങളുണ്ട്. ടെറസ്, ഓട്, ഷീറ്റ് തുടങ്ങിയ മേൽക്കൂരകളിലും പുരപ്പുറങ്ങളിലും വീഴുന്ന മഴവെള്ളത്തെ കിണറുകളിലേക്ക് കടത്തി വിടുന്നതിലൂടെ ജലശേഷിയും ജലശുദ്ധിയും വർദ്ധിപ്പിക്കാവുന്നതാണ്. പുരപ്പുറങ്ങളിലെ മഴവെള്ളം പൈപ്പുകളുടെയും ചരിഞ്ഞ മേൽക്കൂരകളിൽ പാത്തികളുടെയും സഹായത്താൽ കിണറുകൾക്ക് സമീപത്ത് എത്തിക്കാവുന്നതാണ്. കിണറുകൾക്ക് സമീപം ശരാശരി 5 മീറ്റർ മാറി തയ്യാറാക്കുന്ന കുഴികളിൽ മഴവെള്ളം നിറച്ച്കിണറുകളിലേയ്ക്ക് ഉറവയായി കടത്താവുന്നതാണ്. കുഴികളിൽ യാതൊരുവിധ ഫിൽറ്റർ ഘടകങ്ങളും ആവശ്യമില്ല. മണ്ണിലൂടെ അരിച്ചായിരിക്കും വെള്ളം കിണറുകളിൽ ഇറങ്ങുന്നത്. ഇനി നേരിട്ട് കിണറുകളിൽ കടത്തുന്നതിനും മാർഗമുണ്ട്. മുക്കാൽ ഇഞ്ച് മെറ്റൽ (20 ശതമാനം), പരുക്കൻ മണൽ (20 ശതമാനം), ചിരട്ടക്കരി (10 മുതൽ 20 ശതമാനം വരെ), പരുക്കൻ മണൽ (5 ശതമാനം), മുക്കാൽ ഇഞ്ച് മെറ്റൽ (5 ശതമാനം) എന്നിവ വിവിധ അടുക്കുകളിലായി നിറയ്ക്കുന്ന ഫിൽട്ടർ യൂണിറ്റ് തയ്യാറാക്കാവുന്നതാണ്. പൈപ്പുകളിലൂടെ ശേഖരിക്കപ്പെടുന്ന മഴവെള്ളം ഫിൽറ്റർ യൂണിറ്റിന്റെ മുകളിലൂടെ ഫിൽറ്റർ ടാങ്കിൽ കടത്തി വിടണം. ടാങ്കിന്റെ താഴെ ഭാഗത്ത് പൈപ്പ് ഘടിപ്പിച്ച് കിണറുകളുടെ ഉള്ളിലേക്ക് വെള്ളം വിടാവുന്നതാണ്. ചിരട്ടക്കരി, മണൽ എന്നിവക്കു പകരമായി മറ്റൊന്നും ഉപയോഗിക്കരുത് (മരക്കരി, പാറപ്പൊടി മുതലായവ) ഫൈബർ ടാങ്ക്, സിമന്റ് ടാങ്ക്, പാത്രങ്ങൾ, ബക്കറ്റുകൾ, വീപ്പകൾ എന്നിവയെല്ലാം ഫിൽട്ടർ ടാങ്കുകളായി ഉപയോഗിക്കാവുന്നതാണ്. 200 മുതൽ 300 ലിറ്റർ വരെ വെള്ളം ഉൾക്കൊള്ളുന്ന ടാങ്കുകളാണ് അനുയോജ്യം. ഫിൽറ്റർ യൂണിറ്റുകളിലൂടെ നേരിട്ട് കിണറുകൾ നിറയ്ക്കുകയാണെങ്കിൽ പുതുമഴ (ആദ്യ ദിവസങ്ങളിലെ) ഒഴുക്കിക്കളയുവാനുള്ള T (റ്റി) ആകൃതിയിലുള്ള പൈപ്പു ഘടിപ്പിച്ചുള്ള ഫസ്റ്റ് ഫ്ളഷ് വാൽവുകളും ലൈൻ പൈപ്പുകളിൽ ഘടിപ്പിക്കണം. ആദ്യ മഴയെ വാൽവ് തുറന്നിട്ട് മണ്ണിലേയ്ക്ക് ഒഴുക്കണം. പുരപ്പുറം വൃത്തിയായി എന്നുറപ്പാക്കിയ ശേഷം വാൽവ് അടച്ച് ഫിൽറ്റർ യൂണിറ്റ് വഴി കിണറുകളിലേയ്ക്ക് മഴവെള്ളം നിറയ്ക്കാവുന്നതാണ്.

## മഴ ടാങ്കുകൾ, സംഭരണികൾ

മഴ വെള്ളം ദീർഘകാലം ഉപയോഗിക്കുവാനായി കൃത്രിമമായി

തയ്യാറാക്കുന്ന ടാങ്കുകളിൽ ശേഖരിക്കാവുന്നതാണ്. ഫൈബർ ടാങ്കുകൾ, സിമന്റ് ടാങ്കുകൾ, കെട്ടുന്ന ടാങ്കുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. മണൽ, ചിക്കൻ മെഷ്, വെൽഡ് മെഷ് (ഇരുമ്പുവല കമ്പികൾ) സിമന്റ് എന്നിവ ഉപയോഗിച്ചുള്ള ഫെറോസിമന്റ് സാങ്കേതിക രീതികളിലും ടാങ്കുകൾ നിർമ്മിക്കാവുന്നതാണ്. ഭൂമിക്കടിയിൽ പൂർണ്ണമായോ, ഭാഗികമായി മുകളിലും അടിയിലും എന്ന രീതിയിലോ, പൂർണ്ണമായും മണ്ണിനു മുകളിൽ എന്ന മാർഗത്തിലോ കേരളത്തിൽ ടാങ്കുകൾ നിർമിച്ചിട്ടുണ്ട്. സ്ഥല പരിമിതിയൊന്നും പ്രശ്നമല്ല. കാർ ഷെഡുകൾ പൂന്തോട്ടം, മുറ്റങ്ങൾ, റൂമുകൾ (ബെഡ് റൂം ഉൾപ്പെടെ) എന്നിവയുടെ അടിവശത്ത് ഭൂഗർഭ അറകളിലായി മഴവെള്ളം സംഭരിച്ചുപയോഗിക്കുന്ന നിരവധി മാതൃകകൾ കേരളത്തിൽ വ്യാപകമായുണ്ട്. ശരാശരി 10,000 ലിറ്റർ മുതൽ 5 ലക്ഷം ലിറ്റർ വരെ വ്യാപ്തമുള്ള ഫെറോ സിമന്റ് ടാങ്കുകൾ കേരളത്തിൽ നിർമ്മിച്ചിട്ടുണ്ട്.

### ജലസ്രോതസ്സുകൾ നിറയട്ടെ

നദികൾ, തോടുകൾ, കുളങ്ങൾ, വയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയിൽ പരമാവധി മഴവെള്ളം നിറയ്ക്കേണ്ടതാണ്. നദികളുടെയും തോടുകളുടെയും ചുറ്റുമുള്ള മണ്ണിടങ്ങളിൽ പരമാവധി മഴയെ താഴ്ത്തേണ്ടതാണ്. ഇവ പിന്നീട് ഉറവകളായി വേനലുകളിൽ ജലസ്രോതസ്സുകളിൽ എത്തുവാനുള്ള ജല നിക്ഷേപങ്ങളാണ്. ഫാം കുളങ്ങൾ, പുതിയ കുളങ്ങൾ എന്നിവ സജ്ജമാക്കണം. നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ച് വൃത്തിയാക്കി ജലസംഭരണത്തിന് തയ്യാറാക്കണം. പടുതകുളങ്ങൾ പോലുള്ള കൃത്രിമ കുളങ്ങളുടെ സാധ്യതയും മുന്നിലുണ്ട്.



### സന്ദർശിക്കുക

www.youtube.com/watch?V=ASjVMBJUjc
www.youtube.com/watch?V=iZJRreXmM
www.youtube.com/watch?V=ejJ1bCqeVPQ

### ഇതു മഴക്കാലം

1) മഴയാണ് പ്രധാന ജലസ്രോതസ്സ്.
2) മഴക്കാലം ജലത്തിന്റെ സമ്പന്നകാലം.
3) മഴക്കാലം മഴവെള്ള സംഭരണകാലം കൂടിയാണ്.
4) ഓരോ തുള്ളിയും നാളെകളുടെ കുടിനീരു കൂടിയാണ്.
5) വെള്ളത്തിന്റെ സമ്പന്നകാലമായ മഴക്കാലങ്ങളിൽ മഴവെള്ളം സംഭരിച്ച് സംരക്ഷിച്ച് വെള്ളത്തിന്റെ ആപത്തുകാലത്തെ മറികടക്കാം.



### മഴയെ പിടിക്കുകയല്ലാതെ വേറെ വഴിയില്ല

കേരളത്തിൽ വീഴുന്ന മഴയെ സംഭരിച്ചും സംരക്ഷിച്ചും മാത്രമേ ജലസമൃദ്ധി നേടാനാവുകയുള്ളു. സ്വാഭാവിക ജലസ്രോതസ്സിടങ്ങളായ കാടുകളും, വയലുകളും, കുന്നുകളും, തണ്ണീർത്തടങ്ങളും പരമാവധി നിലനിർത്തണം. മഴയെ മണ്ണിലും വിവിധ ജലസ്രോതസ്സുകളിലുമായി സംഭരിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. കിണർ നിറയ്ക്ക് സംസ്ഥാനത്ത് വലിയ സാധ്യതകളാണുള്ളത്.

മണ്ണ്, ജല, ജൈവ സംരക്ഷണ പരിപാടികൾക്കും മഴവെള്ള സംഭരണത്തിനും പഞ്ചായത്തടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ മുന്നിലുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന വിഷയങ്ങളാണ് പരിസ്ഥിതി പുനരുജ്ജീവനവും ജലസംരക്ഷണവും. സാധ്യതകളും മാതൃകകളും സാങ്കേതിക മാർഗങ്ങളും രീതികളുമെല്ലാം മുന്നിലുണ്ട്. മഴയാകട്ടെ തകൃതിയായി വരുന്നുമുണ്ട്. വിടരുത് മഴയെ. മണ്ണൊരുക്കിയും മനസ്സൊരുക്കിയും പുതിയൊരു ജലസമൃദ്ധ കേരളത്തിനായി കേരളീയർ കരുതേണ്ടതുണ്ട്. ഓരോ തുള്ളിയും കരുതലോടെ.●

*ലേഖകന്റെ ഫോൺ: 9847547881*



# എല്ലാവർക്കും വീടൊരുക്കുവാൻ

## പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ഭവനം ലഭ്യമാക്കുന്നതിനായി മികച്ച പ്രവർത്തനങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടത്തിവരുന്നത്.2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ 2016 ഏപ്രിൽ 1 മുതൽ പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതി കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് ആയ 1,20,000/രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വകയിരുത്തുന്നു. കേരള സർക്കാർ



പി.എം.എവൈ.(ജി) ഭവന പദ്ധതിയിലെ പൊതു വിഭാഗത്തിന് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് മൂന്നര ലക്ഷം രൂപയുമായി വർദ്ധിപ്പിച്ച് നിശ്ചയിച്ചിരുന്നു. എന്നാൽ ഇപ്പോൾ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഇവർക്ക് 4,00,000/ രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടിക വർഗ്ഗകുടുംബങ്ങൾക്ക് 6,00,000/ രൂപയും നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിന് ഉപരിയായ 1,20,000/ രൂപ കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകളും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നൽകുന്നു. ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി പുതുക്കി നിശ്ചയിച്ച പ്രകാരം ബാക്കി തുകയും സംസ്ഥാന സർക്കാർ നൽകുന്നു.

ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുവാൻ കഴിയും. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000/ രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും സഹായം നൽകിവരുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് മൂന്ന് ഗഡുക്കളായി 1,20,000/രൂപ പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. ബാക്കി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറും.

കേരളത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ 42431 വീടുകൾ ആണ് ഭൗതിക ലക്ഷ്യം നിശ്ചയിച്ചിരുന്നത്. പി.എം.എ.വൈ.(ജി) ഭവന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കു

## 2016-17, 2017-18 ഭൗതീക പുരോഗതി
(31/03/2019 വരെ)

| | |
|---|---|
| **2016-17, 2017-18 സാമ്പത്തിക വർഷത്തിലെ ഭൗതീക ലക്ഷ്യം** | **42431** |
| **സാംങ്ഷൻ ചെയ്ത കുടുംബങ്ങളുടെ എണ്ണം** | **16992** |
| **പൂർത്തീകരിച്ച വീടുകളുടെ എണ്ണം** | **15372** |

| *വിഭാഗം* | *ഭൗതീക ലക്ഷ്യം* | *സാംങ്ഷൻ ചെയ്ത വീടുകളുടെ എണ്ണം* | *പൂർത്തീകരിച്ച വീടുകളുടെ എണ്ണം* |
|---|---|---|---|
| പൊതുവിഭാഗം | 5260 | 5498 | 5162 |
| പട്ടികജാതി വിഭാഗം | 16853 | 4971 | 4352 |
| പട്ടികവർഗ്ഗ വിഭാഗം | 8606 | 1247 | 1082 |
| ന്യൂനപക്ഷം | 11712 | 5276 | 4776 |
| ആകെ | 42431 | 16992 | 15372 |

2018-19 ലെ ഭൗതീക ലക്ഷ്യം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടില്ല.

## 2016-17-ലെ സാമ്പത്തിക ലക്ഷ്യം
*(തുക ലക്ഷത്തിൽ)*

| | |
|---|---|
| കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക | 9113.4 |
| സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച തുക | 6075.4 |
| ആകെ | 15188.8 |
| മുൻ ബാക്കി | 9605.27 |
| മറ്റ് വരവുകൾ, പലിശ | 15493.2 |
| ഐ.എ.വൈ.ക്ക് 2015-16 വർഷം ലഭിക്കേണ്ട സംസ്ഥാന വിഹിതം തൻവർഷം ലഭിച്ചത് | 1881.09 |
| ആകെ ലഭ്യമായ തുക | 42168.39 |
| ആകെ ചെലവഴിച്ച തുക | 18470.17 |
| ബാക്കി തുക | 23698.23 |

## 2017-18 ലെ സാമ്പത്തിക ലക്ഷ്യം
(തുക ലക്ഷത്തിൽ)

| | |
|---|---|
| കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക | 0 |
| സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച തുക | 0 |
| ആകെ | 0 |
| മുൻ ബാക്കി | 23698.23 |
| മറ്റ് വരവുകൾ, പലിശ | 1304.17 |
| ആകെ ലഭ്യമായ തുക | 25002.4 |
| ആകെ ചെലവഴിച്ച തുക | 16565.83 |
| ബാക്കി തുക | 8436.56 |

## 2018-19 ലെ സാമ്പത്തിക ലക്ഷ്യം
(തുക ലക്ഷത്തിൽ)

| | |
|---|---|
| കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക | 0 |
| സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച തുക | 0 |
| ആകെ | 0 |
| മുൻ ബാക്കി | 8436.56 |
| മറ്റ് വരവുകൾ, പലിശ | 434.309 |
| ആകെ ലഭ്യമായ തുക | 8870.87 |
| ആകെ ചെലവഴിച്ച തുക | 5246.96 |
| ബാക്കി തുക | 3623.909 |

ന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുമുള്ള അർഹരായ ഗുണഭോക്താക്കളെയാണ്. ടി പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറ വിസ്തീർണ്ണം 269 ചതുരശ്ര അടിയാണ്. ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി വീടിന്റെ പരമാവധി തറ വിസ്തീർണ്ണം 400 ചതുരശ്ര അടിയായി നിശ്ചയിച്ചിട്ടുണ്ട്.

## പി.എം.എ.വൈ.(ജി) ഭവന പദ്ധതിയിലെ നേട്ടങ്ങൾ

- ആകെ 16992 വീടുകൾക്ക് അനുമതി
- കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 9938 വീടുകൾ പൂർത്തീകരിച്ചു.
- ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് ഉൾപ്പെട്ട കൈപ്പുസ്തകം സൗജന്യമായി നൽകി.

## മേസൺ പരിശീലനം

പി.എം.എ.വൈ.(ജി) ഗുണഭോക്താക്കൾക്ക് മേസൺ പരിശീലനം നൽകി അവരെ വിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുന്നു. ഇതിനായി കൈപ്പുസ്തകങ്ങൾ നൽകിയും, വിദഗ്ദ്ധ തൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽ പി.എം.എ.വൈ.(ജി) മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള വീട് നിർമ്മിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നു.



- പട്ടികവർഗ്ഗ വിഭാഗത്തിന് 1082 വീടുകൾ പൂർത്തീകരിച്ചു.
- പട്ടികജാതി വിഭാഗത്തിന് 4352 വീടുകൾ പൂർത്തീകരിച്ചു.
- ന്യൂനപക്ഷ വിഭാഗത്തിന് 4776 വീടുകൾ പൂർത്തീകരിച്ചു.
- പൊതു വിഭാഗത്തിന് 5162 വീടുകൾ പൂർത്തീകരിച്ചു.
- സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ അർഹരായ മതിയായ ഗുണഭോക്താക്കളില്ലാത്തതിനാൽ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ആവാസ് പ്ലസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് സംസ്ഥാനത്ത് വീടിനർഹതയുള്ള 3,11,680 ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്തു.
- 917 പേർക്ക് മേസൺ പരിശീലനം നൽകി. ഇതു വഴി 27 വീടുകൾ പൂർത്തീകരിച്ചു.

## ആവാസ് പ്ലസ് രജിസ്ട്രേഷൻ

സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ അർഹരായ മതിയായ ഗുണഭോക്താക്കളില്ലാത്തതിനാൽ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ആവാസ് പ്ലസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് സംസ്ഥാനത്ത് ഭവന നിർമ്മാണ ആനുകൂല്യത്തിന് അർഹരായ 3,11,680 ഗുണഭോക്താക്കളെ കണ്ടെത്തി രജിസ്റ്റർ ചെയ്തു.

ജില്ല, സംസ്ഥാന തലത്തിൽ പി.എം.എ.വൈ.(ജി) പദ്ധതിയുടെ പുരോഗതി റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനുമായി മോണിറ്ററിംഗ് കൃത്യമായി നടത്തി വരുന്നു. കൂടാതെ ഗുണഭോക്താക്കൾക്കും, ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനങ്ങളും നൽകി വരുന്നു.●

*അവലംബം:*
*ഗ്രാമവികസന കമ്മീഷണറേറ്റ്*



ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി ഇന്ത്യാ ഗവൺമെന്റ് ഗ്രാമ വികസന മന്ത്രാലയം മുഖേന നടപ്പിലാക്കുന്ന സുപ്രധാന പദ്ധതിയാണ് പ്രധാന മന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) റോഡ് ബന്ധമില്ലാത്ത ആവാസകേന്ദ്രങ്ങളെ എല്ലാ കാലാവസ്ഥയിലും ഉപയോഗ പ്രദമായ റോഡ് മുഖേന ബന്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേന്ദ്രസർക്കാരിൻറെ നിർദ്ദേശ പ്രകാരം നമ്മുടെ സംസ്ഥാനത്ത് പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാനതലത്തിൽ രൂപീകരിച്ച ഏജൻസിയായ കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെൻറ് ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ)യാണ്.




# ഗ്രാമീണ വീഥിയൊരുക്കി

## പ്രധാന മന്ത്രി ഗ്രാമ സഡക് യോജന

### കഴിഞ്ഞ 3 വർഷത്തെ ഭരണ നേട്ടങ്ങൾ

**2016-17:** റിപ്പോർട്ട് വർഷത്തിൽ 319.948 കി.മീ ദൈർഘ്യമുള്ള 84 റോഡുകൾക്കായി 27419 ലക്ഷം രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം നേടിയെടുത്തു. ഈ സാമ്പത്തിക വർഷം 17595 ലക്ഷം രൂപ കേന്ദ്ര സഹായമായും 12972 ലക്ഷം രൂപ സംസ്ഥാന സഹായമായും ലഭിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷം മുൻ നീക്കിയിരിപ്പ് അടക്കം 25083 ലക്ഷം രൂപ ചെലവിട്ട് 314.33കി.മീ ദൈർഘ്യം വരുന്ന 126 റോഡുകൾ പൂർത്തീകരിച്ചു.

**2017-18:** റിപ്പോർട്ട് വർഷത്തിൽ 263.365 കി.മീ ദൈർഘ്യമുള്ള 66 റോഡുകൾക്കായി 19685 ലക്ഷം രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം നേടിയെടുത്തു. 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രം നിശ്ചയിച്ച ലക്ഷ്യം 434 കി.മീ ദൈർഘ്യമായിരുന്നു. ഇതിൽ 373.641 കി.മീ ദൈർഘ്യവരുന്ന 60 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രം റിസർച്ച് ആൻറ് ഡെവലപ്മെൻറ് ഇനത്തിൽ 166 കി.മീ ദൈർഘ്യമായിരുന്നു ലക്ഷ്യമായി നിശ്ചയിച്ച് തന്നിട്ടുള്ളത്. ഇതിൽ 169.703 കി.മീ ദൈർഘ്യം റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 16810 ലക്ഷം രൂപ കേന്ദ്ര സഹായമായും 11208 ലക്ഷം രൂപ സംസ്ഥാന സഹായമായും ലഭിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷം മുൻ നീക്കിയിരിപ്പ് അടക്കം 19760 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ 1-ൽ അനുവദിക്കപ്പെട്ടതും എന്നാൽ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കപ്പെട്ടതുമായ 134.35 കി.മീ ദൈർഘ്യം വരുന്ന 79 റോഡുകൾക്ക് പകരം സാഗി (സംസദ് ആദർശ് ഗ്രാമീണ യോജന) പഞ്ചായത്തുകളിൽ ഉൾപ്പെട്ട റോഡുകൾക്ക് പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുത്തു.

**2018-19:** റിപ്പോർട്ട് വർഷത്തിൽ 118.451 കി.മീ ദൈർഘ്യമുള്ള 33റോഡുകൾക്കായി 8784 ലക്ഷം രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം നേടിയെടുത്ത് പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷം മുൻ നീക്കിയിരിപ്പ് അടക്കം 22200 ലക്ഷം രൂപ ചെലവിട്ട് 287.65 കി.മീ ദൈർഘ്യം വരുന്ന 102 റോഡുകൾ പൂർത്തീകരിച്ചു. ഈ സാമ്പത്തിക വർഷം ഈ സാമ്പത്തിക വർഷം 9775 ലക്ഷം രൂപ കേന്ദ്ര സഹായമായും 6517 ലക്ഷം രൂപ സംസ്ഥാന സഹായമായും അനുവദിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ പദ്ധതിയിൽ പൂർത്തിയാക്കുന്ന റോഡുകൾ 5 വർഷത്തെ അറ്റകുറ്റപണികൾക്കു ശേഷം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറാനാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്. കേന്ദ്ര സർക്കാർ ഇത്തരം റോഡുകൾ തുടർന്നും പി.എം.ജി.എസ്.വൈ പദ്ധതിയിൽ മെയിൻറനൻസ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനസർക്കാർ ഒരു മെയിൻറനൻസ് പോളിസി രൂപീകരിക്കുകയും 2018-2019 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ Defect Liability Period (അഞ്ചുവർഷത്തെ അറ്റകുറ്റപണികൾക്കു ശേഷം) ഉള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 12കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 72.501 കി.മീ വരുന്ന 24 റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകളുടെ പുനർ നിർമ്മാണത്തിനായി 145.91 കോടി രൂപയുടെ പ്രോപ്പോസൽ കേന്ദ്ര

ഗ്രാമ വികസന മന്ത്രാലയത്തിന് നൽകിയിരുന്നു. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ 26/12/2018 ലെ P17021/13/2016RC നമ്പർ കത്തു പ്രകാരം നിലവിൽ പുരോഗതിയിലുള്ള റോഡുകൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിന് പി.എം.ജി.എസ്.വൈ പദ്ധതിയിൽ പൂർത്തീകരിച്ച റോഡുകളിൽ ബാക്കിയുണ്ടാകുന്ന തുക ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് അറ്റകുറ്റപണികൾ പുരോഗമിക്കുന്ന റോഡുകൾക്ക് ആവശ്യമായ തുക എൻ.ഡി.ആർ.എഫ് ൽ നിന്നും ലഭ്യമാക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ പദ്ധതിയിൽ പൂർത്തിയാക്കുന്ന റോഡുകൾ 5 വർഷത്തെ അറ്റകുറ്റപണികൾക്കു ശേഷം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറാനാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്.**



ഇപ്രകാരം പ്രവൃത്തി പൂർത്തീകരിച്ച റോഡുകളിൽ നിന്നും 14 കോടി രൂപ ബാക്കിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ തുക പ്രവൃത്തി പുരോഗമിക്കുന്ന മുഴുവൻ റോഡുകളുടെയും കേടുപാടുകൾ പരിഹരിക്കുന്നതിന് അപര്യാപ്തമായതിനാൽ മുൻഗണന അനുസരിച്ച് ലഭ്യമായ 14 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതിക്കും ബാക്കിയുടെ 14.42 കോടി രൂപ അനുവദിക്കുന്ന തിനുമുള്ള ശുപാർശ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

പി.എം.ജി.എസ്.വൈ-3 പദ്ധതി കേന്ദ്ര ഗവൺമെൻറ് ഉടൻ ആരംഭിക്കുന്നതാണ്. പി.എം.ജി.എസ്.വൈ -3യുടെ കരട് മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചതിൻ മേൽ അന്തിമ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച പ്രധാന വസ്തുതകൾ കേന്ദ്രസർക്കാരിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ഭരണ നേട്ടങ്ങൾ

- 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ നൽകിയിരുന്ന ഭൗതിക സാമ്പത്തിക ലക്ഷ്യം കൈവരിക്കുന്ന സംസ്ഥാനങ്ങൾക്ക് ഇൻസെൻറിവ് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരമുള്ള ലക്ഷ്യം കൈവരിച്ചതിനാൽ സംസ്ഥാനത്തിന് 5.11 കോടി രൂപ ഇൻസെൻറിവായി നേടിയെക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
- പി.എം.ജി.എസ്.വൈ 1-ൽ അനുവദിക്കപ്പെട്ടതും എന്നാൽ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കപ്പെട്ടതുമായ 134.35 കി.മീ ദൈർഘ്യം വരുന്ന 79 റോഡുകൾക്ക് പകരം സാഗി (സംസദ് ആദർശ് ഗ്രാമീണ യോജന) ഉൾപ്പെടുത്തി 118.451 കി.മീ ദൈർഘ്യമുള്ള 33 റോഡുകൾക്കായി 8784 ലക്ഷം രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം നേടിയെടുത്തു.
- റോഡ് നിർമ്മാണത്തിൽ വിവിധ തരത്തിലുള്ള നൂതനസാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള അനുമതിലഭിച്ചതിൻറെ അടിസ്ഥാനത്തിൽ റിസർച്ച് ആൻറ് ഡെവലപ്മെൻറ് ഇനത്തിൽ 623.284 കി.മീ ദൈർഘ്യം വരുന്ന 191 റോഡുൾക്ക് അനുമതി നേടിയെടുത്തു. ഇതിൽ 379.012 കി.മീ ദൈർഘ്യം വരുന്ന 113 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.
- പി.എം.ജി.എസ്.വൈ-2 പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 9.77 കോടി രൂപ അടങ്കൽ തുക വരുന്ന 2 റോഡുകൾക്കും നീളംകൂടിയ 2 പാലങ്ങൾക്കും അനുമതി നേടിയെടുത്തു.എറണാകുളം ജില്ലയിൽ 3.04 കോടി രൂപ ചെലവിട്ട് 18.75 മീറ്റർ നീളമുള്ള പാലവും നിർമ്മിക്കുകയുണ്ടായി. കൂടാതെ പാലക്കാട് ജില്ലയിൽ രണ്ട് പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അനുമതി നേടിയെടുത്തു.
- കഴിഞ്ഞ 3 വർഷങ്ങളിലായി സംസ്ഥാനത്ത് 958.987 കി.മീ ദൈർഘ്യം വരുന്ന 283 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. ഈ കാലയളവിൽ 670.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- പി.എം.ജി.എസ്.വൈ പദ്ധതിയിൽ പൂർത്തിയാക്കുന്ന റോഡുകൾ 5 വർഷത്തെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചതിന് (Defect Liability Period) ശേഷം ഉള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 72.501 കി.മീ വരുന്ന 24 റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

*അവലംബം:*
*ഗ്രാമവികസന കമ്മീഷണറേറ്റ്*

# നീതിവൃക്ഷത്തിലെ പൂവുകൾ

**കുഞ്ഞപ്പ പട്ടാന്നൂർ**

പുൽപ്പരപ്പുകളിൽ
ഫൂൽക്കാരമായ് പാഞ്ഞെത്തുന്ന
പാമ്പുകളുണ്ട്.

ചതുപ്പുകളിൽ
ചതിയിലുറങ്ങുന്ന
ചീങ്കണ്ണികളുണ്ട്.

തടാകക്കരയിലും കാട്ടുപൊന്തകളിലും
മേഞ്ഞുമദിക്കുന്ന
ഇരപിടിയൻമാരുണ്ട്.

എന്നാലും
കൂട്ടവും കുലവും മറന്ന പക്ഷികൾ
തിരിച്ചറിവിന്റെ ഗീതം പാടാൻ
വീണ്ടും വന്നെത്താതിരിക്കില്ല.

കാടുകളിൽ
കടന്നലുകൾ കൂട്ടുകൂടുന്ന
ഇടങ്ങളുണ്ട്.

കുരുതികൾ കെട്ടിക്കിടക്കുന്ന
കുന്നുകളുണ്ട്
തേറ്റപ്പന്നികൾ പോക്കുവരവുള്ള
വഴിത്താരകളുണ്ട്.

എന്നാലും
നീതിവൃക്ഷങ്ങളിൽ
വൈകിയെങ്കിലും
പൂക്കൾ വിടരാതിരിക്കില്ല.





ജൂൺ 18
അയ്യൻകാളി
ചരമദിനം

# അയ്യൻകാളിയുടെ ചരിത്രപ്രസക്തി

**രാജേഷ് കെ. എരുമേലി**

കേരളത്തിന്റെ നവോത്ഥാന ചരിത്രം നിരവധി സമരോത്സുകമായ മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടെങ്കിലും അതിന്റെ ഭാഗമായിരുന്ന പലരുടെയും പേരുകൾ അടുത്തകാലം വരെ രേഖപ്പെടുത്തിയിരുന്നില്ല. ഇത്തരത്തിൽ നൂറ്റാണ്ടുകളായി അറിയപ്പെടാതിരിക്കുകയും ഇപ്പോൾ ചരിത്രത്തിലേക്ക് കൂടുതൽ ഉയർന്നു വരുന്നതമായ മഹാനായ മനുഷ്യനായിരുന്നു അയ്യൻകാളി. വൈകുണ്ഠസ്വാമിയെപ്പോലെയും നാരായണഗുരുവിനെപ്പോലെയും ജാതി-മത വേർതിരിവില്ലാത്ത സമൂഹത്തിന്റെ സൃഷ്ടിയാണ് അയ്യൻകാളിയും സ്വപ്നം കണ്ടത്. നൂറ് വർഷം മുമ്പാണ് വിദ്യാഭ്യാസ അവകാശം നേടിയെടുക്കാനായി അയ്യൻകാളിയുടെ നേതൃത്വത്തിൽ കാർഷിക പണിമുടക്ക് സമരം നടന്നത്. അതുപോലെ അയ്യൻകാളിയുടെ വില്ലുവണ്ടി സമരത്തിന് 125 വയസ് തികഞ്ഞ സവിശേഷ ഘട്ടം കൂടിയാണിത്.

ഇടങ്ങളിൽ പോലും ഇടമില്ലാത്തവരുടെ ഇടം തേടലിനാണ് അയ്യൻകാളി ശ്രമിച്ചത്. എഴുപതുകളുടെ ആരംഭത്തിലാണ് അയ്യൻകാളി കേരള ചരിത്രത്തിന്റെ പൊതുമണ്ഡലത്തിൽ സജീവ ചർച്ചയായി മാറുന്നത്. അയ്യൻകാളിയെക്കുറിച്ചുള്ള ആദ്യത്തെ ജീവചരിത്രമാണ് ടി. എച്ച്.പി ചെന്താരശേരി എഴുതിയ അയ്യൻകാളി (1973) എന്ന പുസ്തകം. അതിനുശേഷം തൊണ്ണൂറുകളോടെയാണ് അയ്യൻകാളിയെക്കുറിച്ച് വിവിധ കോണുകളിൽനിന്ന് കൂടുതൽ പഠനങ്ങൾ ഉണ്ടാകുന്നത്. പി. ഗോവിന്ദപ്പിള്ളയുടെ നവോത്ഥാന ചരിത്രപുസ്തകത്തിൽ അയ്യൻകാളിയെക്കുറിച്ച് സൂക്ഷ്മമായി അടയാളപ്പെടുത്തുന്നുണ്ട്. ഇപ്പോൾ അക്കാദമികമായും അല്ലാതെയും നിരവധി പുസ്തകങ്ങൾ അയ്യൻകാളിയെക്കുറിച്ച് പുറത്തുവരുന്നുണ്ട്.

ദാരിദ്ര്യത്തിന്റെയും സാമൂഹിക വിവേചനത്തിന്റെയും നുകത്തിൽപ്പെട്ട് ഞെരങ്ങുന്ന, അജ്ഞതയുടെ ഇരുളിലാണ്ട് തപ്പിത്തടഞ്ഞിരുന്ന മനസ്സുകളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കാനാണ് അയ്യൻകാളി ശ്രമിച്ചത്. അവരുടെ മനസ്സിൽ ആദരവിന്റെയും ആത്മവിശ്വാസത്തിന്റേയും അവബോധം ഉണ്ടാക്കിയെടുക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നുവെന്നാണ് ചെന്താരശേരി നിരീക്ഷിക്കുന്നത്. നിരക്ഷരനാണെങ്കിലും അയ്യൻകാളിയുടെ സംഘാടനമികവ് അംഗീകരിക്കേണ്ടതു തന്നെയായിരുന്നെന്നും അദ്ദേഹം കണ്ടെത്തുന്നുണ്ട്. ധിക്കാരിയെന്നും താന്തോന്നിയെന്നും പൊതുസമൂഹം അയ്യൻകാളിയെ വിളിച്ചപ്പോഴും അധ:സ്ഥിത സമൂഹത്തിന്റെ ഉയർച്ചയെ ലക്ഷ്യം വെച്ചു

കൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. ജാതീയമായ വേർതിരിവുകളുടെ മുറിവുകൾ വളരെ ചെറുപ്പത്തിൽ തന്നെ അയ്യൻകാളിയിൽ പ്രതിരോധത്തിന്റെയും ഇടങ്ങൾ തേടാൻ പ്രേരിപ്പിച്ചു.

ചെറുപ്പത്തിൽ തന്നെ ഊർജ്ജസ്വലനായി വളർന്ന അയ്യൻകാളി തീക്ഷ്ണമായ അനുഭവങ്ങളിലൂടെയാണ് സാമൂഹിക പ്രവർത്തനത്തിൽ സജീവമായത്. അധഃസ്ഥിത വിഭാഗത്തിൽപ്പെട്ട സുഹൃത്തുക്കളുമൊത്ത് അയ്യൻകാളി ഒത്തുകൂടുന്നത് പതിവായിരുന്നു. ഇങ്ങനെ തൊട്ടുകൂടായ്മയെക്കുറിച്ചും സാമൂഹിക അസമത്വങ്ങളെക്കുറിച്ചും പഠിച്ചു. ഇത് അദ്ദേഹത്തിന് സാധാരണ മനുഷ്യരുടെ വിമോചനത്തിനായി പ്രവർത്തിക്കാനുള്ള ഉൾപ്രേരണയായി. ചരിത്രം തമസ്കരിച്ച സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ ദൃഢപ്രതിജ്ഞയെടുത്ത അയ്യൻകാളിയുടെ പിന്നീടുള്ള യാത്രകൾ ചരിത്രത്തിലേക്കുള്ളതായിരുന്നു.

അയ്യൻകാളി 1907-ൽ സാധുജന പരിപാലന സംഘം രൂപീകരിച്ചത് ഏതെങ്കിലും ഒരു ജാതി വിഭാഗത്തിന്റെ സംഘടനായായിട്ടല്ല. അധ:സ്ഥിതരായ മുഴുവൻ വിഭാഗങ്ങളെയും പ്രതിനിധാനം ചെയ്യുന്നതായിരുന്നു അതിന്റെ അടിത്തറ. ഇതൊരു വലിയ ചുവടുവയ്പ്പായിരുന്നു. സംഘത്തിന്റെ രൂപീകരണത്തോടെ അധ:സ്ഥിത വിഭാഗങ്ങൾ ഉപജാതി ചിന്തകൾ മാറ്റിവെച്ച് ഏകീകരിക്കാൻ ശ്രമം ആരംഭിച്ചു. ഇത്തരത്തിലുള്ള സംഘടിത മുന്നേറ്റങ്ങൾ പ്രജാസഭയിൽ അയ്യൻകാളിക്ക് അംഗത്വം നേടിയെടുക്കാൻ കാരണമായി. ഇതിന്റെ ഭാഗമായി തന്റെ പ്രവർത്തനങ്ങൾക്ക് വ്യത്യസ്തമായ തലം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. തനിക്ക് വിദ്യാഭ്യാസം ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും അധ:സ്ഥിത വിഭാഗം വിദ്യാഭ്യാസം ചെയ്യേണ്ടതിന്റെ അവശ്യം തിരിച്ചറിഞ്ഞ അയ്യൻകാളി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചു. അധ:സ്ഥിതർക്ക് വിദ്യാഭ്യാസം ചെയ്യാനുള്ള അവസരം നൽകണമെന്നാവശ്യപ്പെട്ട് പല പ്രാവശ്യം അധികൃതരോട് അയ്യങ്കാളിയും കൂട്ടരും ആവശ്യപ്പെട്ടെങ്കിലും ആരും അതിന് തയ്യാറായില്ല. ഇതോടെ ബാലരാമപുരം ഊരൂട്ടമ്പലം സ്കൂളിലേക്ക് അയ്യൻ എന്നയാളുടെ മകൾ പഞ്ചമിയുടെ കൈപിടിച്ച് കയറിച്ചെന്ന അയ്യൻകാളി ചരിത്രത്തിൽ വലിയൊരു പരിവർത്തനത്തിനു തന്നെയാണ് തുടക്കം കുറിച്ചത്. അയ്യൻകാളിയുടെ പ്രവർത്തന ഫലമായി 1910 ന് സർക്കാർ അസ്പൃശ്യർക്ക് സ്കൂൾ പ്രവേശനത്തിന് ഉത്തരവ് പാസാക്കിയെങ്കിലും പഠിപ്പിക്കാൻ സവർണ സമൂഹം തയാറായില്ല. മർദ്ദനത്തിനും അവർ തയാറായി. എന്നാൽ അയ്യൻകാളി ഊരൂട്ടമ്പലം എന്ന സ്ഥലത്ത് കൊളുത്തിയ സ്വാതന്ത്ര്യത്തിന്റെ തിരി അവിടെ അണഞ്ഞില്ല. മാരായമുട്ടം, വെങ്ങാനൂർ, പെരുമ്പഴുതൂർ, കുന്നത്തുകാൽ എന്നിവിടങ്ങളിൽ ഇത് ഒരു പുതിയ ഉണർവ് നൽകി. വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കാൻ ഉറച്ച തീരുമാനമെടുത്ത അയ്യൻകാളി വെങ്ങാനൂരിൽ സ്കൂൾ ആരംഭിച്ചപ്പോൾ അത് തീവെച്ചു നശിപ്പിച്ചു. എന്നാൽ അയ്യൻകാളി പോരാട്ടം തുടരുകതന്നെ ചെയ്തു.

കേരളത്തിൽ ആദ്യമായി സംഘടിത തൊഴിലാളി സമരത്തിന് നേതൃത്വം നൽകിയത് അയ്യൻകാളിയാണ്. സ്കൂൾ പ്രവേശത്തിനായുള്ള ആവശ്യം കൂടാതെ ശമ്പളം വർധിപ്പിക്കുക, തൊഴിൽസമയം കുറയ്ക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് തൊഴിലാളി സമരം നടത്തിയത്. 1913-ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ തൊഴിലാളികൾ സമരമാരംഭിച്ചതോടെ കണ്ടല, പള്ളിച്ചൽ, മുടവപ്പാറ, വിഴിഞ്ഞം, കണിയാപുരം വരെ വയലുകളിൽ ജോലി നടക്കാതെയായി. ഒരു വർഷത്തിലധികം സമരം നീണ്ടു. ഈ സമരം പിന്നീട് വിജയം നേടുകയായിരുന്നു. അയ്യൻകാളിയുടെ ദീർഘവീക്ഷണമാണ് ഇതിന് കാരണമായത്. ഇത്തരത്തിൽ അയ്യൻകാളി നടത്തിയ മറ്റൊരു സമരമായിരുന്നു വില്ലുവണ്ടി സമരം. ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിന് കാരണമായ സംഭവങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് വില്ലുവണ്ടി സമരം. പൊതുനിരത്തുകളിലൂടെ അധ:സ്ഥിത സമൂഹങ്ങൾക്ക് യാത്ര ചെയ്യാൻ കഴിഞ്ഞത് അയ്യൻകാളിയുടെ വില്ലുവണ്ടി യാത്രയ്ക്ക് ശേഷമാണ്. കേരള ചരിത്രത്തിൽ സുവർണലിപികളിൽ രേഖപ്പെടുത്തേണ്ട സംഭവമാണിത്. സവർണ വിഭാഗങ്ങൾ മാത്രം ഉപയോഗിച്ചിരുന്ന വില്ലുവണ്ടിയിൽ പൊതു നിരത്തിലൂടെ സഞ്ചരിച്ചുകൊണ്ട് അയ്യൻകാളി ചരിത്രത്തെ മാറ്റിമറിക്കുകയായിരുന്നു.

വില്ലുവണ്ടി യാത്രയുടെ ചരിത്രം സമകാലികമായി നിരവധി ഓർമ്മപ്പെടുത്തലുകൾ നൽകുന്നുണ്ട്. അത് ഇന്ത്യയുടെ വർത്തമാന രാഷ്ട്രീയവും അതിനെതിരായ ചെറുത്തു നിൽപുമാണ്. കേരളം അന്ധവിശ്വാസത്തിലേയ്ക്കും ജാതിയിലേയ്ക്കും തിരിച്ചു പോകുമ്പോൾ അയ്യൻകാളിയുടെ ആശയങ്ങൾ സമരോത്സുകമായി ഉയർത്തേണ്ടതുണ്ട്.●



# കാക്കിയണിയുന്ന കാടിന്റെ മക്കൾ

**രമേഷ്കുമാർ വെള്ളമുണ്ട**

സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിൽ നിന്നുമായി 74 പട്ടികവർഗ്ഗ യുവതീ യുവാക്കളാണ് പ്രത്യേക റിക്രൂട്ട്മെന്റ് വഴി കേരള പോലീസിന്റെ ഭാഗമായത്. കാടിന്റെ തണലിൽ കാലങ്ങളോളം പ്രതിസന്ധികളോട് പൊരുതിയ ഇവർക്കെല്ലാം സംസ്ഥാന സർക്കാരിന്റെ സ്പെഷ്യൽ റിക്രൂട്ട്മെന്റാണ് തുണയായത്. അടിസ്ഥാന യോഗ്യതയുണ്ടായിട്ടും കൃഷിയിടങ്ങളിലും മറ്റും തൊഴിൽ തേടി പോകേണ്ടി വരുന്ന ജീവിത സാഹചര്യത്തിൽ നിന്നാണ് ആത്മവിശ്വാസത്തിന്റെ കാക്കി വേഷമണിഞ്ഞ് നാടിന് കാവലായി ഇവർ ഇറങ്ങുന്നത്. 24 യുവതികളും സേനയുടെ ഭാഗമായതോടെ വനവാസ ജീവിതത്തിന്റെ പുരാവൃത്തങ്ങളെ കൈവിട്ട് സ്ത്രീ മുന്നേറ്റത്തിന്റെ പുതിയ മുന്നേറ്റങ്ങൾ ഇവരുടെ ജീവിതത്തെ അടിമുടി മാറ്റുകയാണ്.



പത്താം തരം വരെ വിദ്യാഭ്യാസം നേടിയവർക്ക് പോലും സർക്കാർ ജോലി എത്തിപ്പിടിക്കുക എന്നത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരു വെല്ലുവിളിയായിരുന്നു. മത്സര പരീക്ഷകളിൽ പലപ്പോഴും ഇവർ വഴുതി വീണുപോകുന്നതും സാധാരണമായി. ഇവിടെ നിന്നുമാണ് പ്രത്യേക നിയമനം ഇവർക്ക് കൂടുതൽ പ്രതീക്ഷ നൽകുന്നത്. സേനകളിൽ ഇവരുടെ ഇടപെടൽ പുതിയ ചുവടുവയ്പ്പാണ്. കാടിനെ അറിയുന്നവർ കാക്കിയണിയുമ്പോൾ കാടുവഴി

ആദിവാസികൾക്കിടയിലേക്ക് നുഴഞ്ഞു കയറാൻ ശ്രമിക്കുന്ന ഭീകരവാദത്തെയും ചെറുക്കാൻ കഴിയും. 74 സേനാംഗങ്ങളിൽ രണ്ടുപേർ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. രണ്ടുപേർ ബി.എഡ് യോഗ്യത നേടിയവരുമാണ്. 30 പേർ പ്ലസ്ടു യോഗ്യതയുള്ളവരും 31 പേർ പത്താം തരം വരെ പഠിച്ചവരുമാണ്. വ്യത്യസ്ത ജീവിത സാഹചര്യത്തിൽ നിന്നും അനുഭവങ്ങളിൽ നിന്നുമാണ് ഇവരെല്ലാം കേരള പോലീസിന് പുതിയ മുഖം നൽകാനെത്തുന്നത്. ദേശീയ കബഡി താരം എം.അശ്വതി, ദേശീയ ജൂഡോ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത സി.ഈശ്വരി, അട്ടപ്പാടിയിൽ ആൾക്കൂട്ട കൊലപാതകത്തിന്റെ ഇരയായ മധുവിന്റെ സഹോദരി ചന്ദ്രികയും സേനയുടെ ഭാഗമായവരിൽ ചിലരാണ്.

### വയനാട്ടിൽ നിന്നും 51 സേനാംഗങ്ങൾ

സംസ്ഥാനത്തെ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള വയനാട്ടിൽ നിന്നും 51 പേരാണ് പോലീസ് സേനയുടെ ഭാഗമാകുന്നത്. കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗമായ പണിയർ, കുറിച്യർ, അടിയർ, കാട്ടുനായ്ക്കർ വിഭാഗത്തിലുള്ളവരെല്ലാം ഈ പട്ടികയിൽ ഇടം തേടിയിട്ടുണ്ട്. ഇവരെല്ലാം തീവ്ര പരിശീലനം വിജയകരമായി പൂർത്തീകരിച്ചു. പതിവ് പരിശീലനങ്ങൾക്ക് പുറമെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിങ്, ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള രാത്രികാല ഫയറിങ്, തീരദേശ പ്രത്യേക പരിശീലനം എന്നിവയെല്ലാം പുതുതായി ഉൾപ്പെടുത്തിയിരുന്നു. ഔദ്യോഗിക ജീവിതം എന്നതിലുപരി സമുദായത്തിന്റെ ആകെ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കും എന്നാണ് ഇവർക്കും പറയാനുള്ളത്. ഇതുവരെയും എത്തിപ്പെടാൻ കഴിയാത്ത സ്വപ്നമായിരുന്ന പദവികൾ കോളനികളിലേക്ക് ഇവരെ തേടിയെത്തുമ്പോൾ രക്ഷിതാക്കളും കോളനിവാസികളുമെല്ലാം വലിയ സന്തോഷത്തിലാണ്. കാക്കിയണിഞ്ഞ പോലീസിനെ ഭയത്തോടെ മാത്രം നോക്കിക്കണ്ടിരുന്ന കാലത്തിൽ നിന്നും നാടിന്റെ കാവലാവാൻ ഇനി ഞങ്ങളുമുണ്ടെന്ന യാഥാർത്ഥ്യം ഇവരുടെ ജീവിതത്തിനും നിറം പകരുകയാണ്.●




# പട്ടിണിക്കാരില്ലാത്ത പഴയന്നൂർ ബ്ലോക്ക്

**എം. പത്മകുമാർ**

**നേരിന്റെ, നിറവിന്റെ വിജയമായി വിവിധ സംവിധാനങ്ങളുടെ അംഗീകാരം നേടുമ്പോഴും, ഇനിയുമേറെ നേടാനുണ്ടെന്നറിഞ്ഞ് സേവനം അർത്ഥ പൂർണ്ണമാക്കുക എന്ന വിവേചിത അറിവ് നെഞ്ചിലേറ്റി മുന്നോട്ടുപോകുകയാണ് വി.തങ്കമ്മയുടെ നേതൃത്വത്തിലുള്ള പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്.**

സംസ്ഥാന ചരിത്രത്തിലാദ്യമായി വിശപ്പുരഹിത ബ്ലോക്ക് എന്ന ആശയം പഴയന്നൂർ പഞ്ചായത്ത് ബ്ലോക്ക് സാർത്ഥകമാക്കിയതിന്റെ ഒരു വർഷം പൂർത്തിയാക്കിയിരിക്കുകയാണ്. തൃശൂരിൽ നടന്ന ഒരു വലിയ രാഷ്ട്രീയ സമ്മേളനത്തിൽ ബഹു.കേരള ധനകാര്യമന്ത്രി ശ്രീ. ടി.എം.തോമസ് ഐസക്ക് വെച്ച നിർദ്ദേശം കൈമുതലാക്കിയാണ് പഴയന്നൂർ ബ്ലോക്ക് ഈ പദ്ധതി ഏറ്റെടുത്തത്. പട്ടിണിക്കാരില്ലാത്ത പഴയന്നൂർ ബ്ലോക്ക് എന്ന പദ്ധതിയുടെ പ്രവർത്തനം ബഹു.നിയമസഭാ സ്പീക്കർ ശ്രീരാമകൃഷ്ണൻ ഉത്ഘാടനം ചെയ്ത നിറഞ്ഞ വേദിയിൽ യു.ആർ.പ്രദീപ്, എം.എൽ.എ അദ്ധ്യക്ഷനും, പി.കെ. ബിജു, എം.പി മുഖ്യാതിഥിയാവുകയും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് തുടങ്ങി ജനപ്രതിനിധികളും, പൗരപ്രമുഖരും പ





കെടുത്ത് സമ്പുഷ്ടമാക്കി. അനുഗൃഹീതരായ പരക്കാട് ത്രയത്തിന്റെ വാദ്യത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്. ബ്ലോക്ക് പരിധിയിലെ 6 ഗ്രാമപഞ്ചായത്തിലെ 108 വാർഡുകളിലായി 457 കിടപ്പുരോഗികൾക്ക് ഒരു നേരത്തെ സമ്പൂർണ്ണ പോഷകാഹാരം (Complete Planned Food) നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൈമറി പാലിയേറ്റീവ് പ്രവർത്തകരും, സെക്കണ്ടറിതല പാലിയേറ്റീവ് നേഴ്സ്, ആശാ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ, ഒരു നേരം പോലും ഭക്ഷണം കഴിക്കാൻ വകയില്ലാത്ത ശയ്യാവലംബികളായവരുടെ പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്തുകളുടെ അനുമതിയോടെ ബ്ലോക്ക് പഞ്ചായത്തിലേക്ക് സമർപ്പിച്ചു. അംഗൻവാടികളിൽ കുട്ടികൾക്കുള്ള പൂരകപോഷകാഹാരം തയ്യാറാക്കുന്നതോടുകൂടി നിരാലംബർക്കുള്ള ഭക്ഷണം തയ്യാറാക്കുന്നതിനും ചൈൽഡ് ഡവലപ്മെന്റ് ഓഫീസറും സൂപ്പർവൈസർമാരും അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും പ്രതിഫലേച്ഛ കൂടാതെ തയ്യാറാക്കുകയും ചെയ്തു.

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന അരിയും ചെറുപയറും അനുബന്ധ സാധനങ്ങളും പാചകവാതകവിലയും മാത്രം ഉപയോഗപ്പെടുത്തി തയ്യാറാക്കുന്ന ഭക്ഷ്യവിഭവങ്ങൾ 108 കുടുംബശ്രീ ഏരിയ ഡവലപ്മെന്റ് സൊസൈറ്റികളും സ്വയം സജ്ജമായി കിടപ്പുരോഗികളുടെ വീടുകളിൽ ഭക്ഷണം എത്തിച്ചുകൊടുക്കുക എന്നത് നാട് കണ്ടിട്ടുള്ളതിൽ വെച്ച് ഒരു വലിയ മുന്നേറ്റമാണ്. പാലിയേറ്റീവ് പ്രവർത്തകർ, ആശാ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഒരു നൂലിൽ കോർത്ത മണികൾ പോലെ നടപ്പിലാക്കിയ പദ്ധതി നാടിന്റെ ചരിത്രത്തിൽ ഇടം പ്രഥമമാണ്.

പശിയടക്കാനാകാതെ മരണത്തെ മുന്നിൽകണ്ട് നിരാലംബരായി കിടക്കുന്നവർക്ക് പഴയന്നൂർ അന്നപൂർണ്ണാഷ്ടകത്തിലെ 'ഭിക്ഷാം ദേവി കൃപാലംബനഗരി" എന്ന വരികളെ സാർത്ഥപൂർണ്ണമാക്കിയതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഈ പദ്ധതിക്ക് പ്രതിബന്ധങ്ങളെ ഏറെ നേരിടേണ്ടിവന്നതുമാണ്. വയസ്സായി ശയ്യാവലംബയായ അമ്മക്ക് ബ്ലോക്ക് പഞ്ചായത്ത് നൽകിയ സ്റ്റീൽ പാത്രത്തിൽ കഞ്ഞിയുമായി പോയ കുടുംബശ്രീ പ്രവർത്തകയെ അസഭ്യം പറഞ്ഞ് കള്ള് ഷാപ്പിലേക്ക് കയറിപ്പോയ മകന്റെ ചിത്രം, വീട്ടിലെത്തിച്ച കഞ്ഞി പശുവിൻ ചെരുവത്തിലൊഴിച്ച മരുമകളുടെ ചിത്രം ഇതെല്ലാം കണ്ടെങ്കിലും ഇടറാതെ ഒരു മനസ്സായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനപ്രതിനിധികളും ജീവനക്കാരും പദ്ധതി തുടരുകയാണ്. നേരിന്റെ, നിറവിന്റെ വിജയമായി വിവിധ സംവിധാനങ്ങളുടെ അംഗീകാരം നേടുമ്പോഴും, ഇനിയുമേറെ നേടാനുണ്ടെന്നറിഞ്ഞ് സേവനം അർത്ഥ പൂർണ്ണമാക്കുക എന്ന വിവേചിത അറിവ് നെഞ്ചിലേറ്റി മുന്നോട്ടുപോകുകയാണ് വി.തങ്കമ്മയുടെ നേതൃത്വത്തിലുള്ള പഴയന്നൂർ ബ്ളോക്ക് പഞ്ചായത്ത്. ●

---

*പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റാണ് ലേഖകൻ*

# ഗതാഗത നിയമങ്ങളും പിഴകളും





ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവർക്ക് മോട്ടോർ വാഹന നിയമപ്രകാരം ചുമത്താവുന്ന പിഴയും മറ്റ് ശിക്ഷകളും സംബന്ധിച്ച വിവരങ്ങൾ പരസ്യപ്പെടുത്തി പോലീസ്.

വാഹനമോടിക്കുമ്പോൾ **മൊബൈൽ ഫോൺ ഉപയോഗിച്ചാൽ 1000 രൂപയാണ് പിഴ**

- ഡ്രൈവിങ് ലൈസൻസ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ രേഖകൾ, പുകപരിശോധന സർട്ടിഫിക്കറ്റ്, നികുതിയടച്ച രസീത് എന്നിവ എല്ലാ വാഹനങ്ങളിലും സൂക്ഷിക്കണം.
- പൊതുഗതാഗത വാഹനങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പെർമിറ്റ് സംബന്ധിച്ച രേഖകൾ, ട്രിപ് ഷീറ്റ് എന്നിവയും സൂക്ഷിക്കണം.
- സ്റ്റേജ് കാരിയേജുകളിൽ കണ്ടക്ടർ ലൈസൻസും പരാതി പുസ്തകവും ഉണ്ടാകണം.

അമിതവേഗത്തിൽ വാഹനമോടിച്ചാൽ പിഴ 400 രൂപ. കുറ്റകൃത്യം ആവർത്തിച്ചാൽ 1000 രൂപ.



അപകടകരമായും സാഹസികമായും വാഹനമോടിച്ചാൽ 1000 രൂപ **പിഴയോ ആറുമാസം തടവോ ശിക്ഷ.** മൂന്നു വർഷത്തിനകം കുറ്റകൃത്യം **ആവർത്തിച്ചാൽ രണ്ടുവർഷം തടവോ 2000 രൂപ പിഴയോ ലഭിക്കും.**

മദ്യപിച്ച് വാഹനമോടിച്ചാൽ ആറുമാസം തടവോ, 2000 രൂപ പിഴയോ രണ്ടും കൂടിയോ ആണ് ശിക്ഷ. ഡ്രൈവിങ് ലൈസൻസ് റദ്ദാക്കും. മൂന്നുവർഷത്തിനകം ഇതേ കുറ്റം ആവർത്തിച്ചാൽ രണ്ടുവർഷം തടവോ 3000 രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കും.





**ഹെൽമെറ്റ് ഇല്ലെങ്കിൽ 100 രൂപ പിഴ**

**ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ 1000 രൂപ പിഴ**

**സീറ്റ് ബെൽറ്റ് ധരിച്ചില്ലെങ്കിൽ 100 രൂപ പിഴ**



May-June 2019
₹ **2**/- Annual Subscription Rs. 12.00

GRAMABHOOMI
Bi-Monthly

RN. No. 36116/1980

## ഗ്രാമീണകേരളത്തിന്റെ നേർക്കാഴ്ചയുമായി

# ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

**ഗ്രാമഭൂമി**

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട: വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by N Padmakumar IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das